## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 181

10-3-2010 ൽ
മറുപടിയ്ക്ക്

### പ്രത്യേക വിനോദസഞ്ചാര മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) നിയമമനുസരിച്ച് ഏതെല്ലാം പ്രദേശങ്ങളെ പ്രത്യേക വിനോദ സഞ്ചാരമേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനും വേണ്ടി കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങളെ പ്രത്യേക വിനോദ സഞ്ചാര മേഖലകളായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത മേഖലകളുടെ പരിപാലനത്തിനും വികസനത്തിനും വേണ്ടി വിനോദ സഞ്ചാര സംരക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ഘടന വ്യക്തമാക്കുമോ; | ബി) വിനോദ സഞ്ചാര മേഖലകളായി പ്രഖ്യാപിച്ച പ്രദേശങ്ങളുടെ പരിപാലനത്തിനും വികസനത്തിനും വേണ്ടി വിനോദ സഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ ഘടന താഴെ കൊടുക്കുന്നു.<br>➢ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്- ചെയർമാൻ<br>➢ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>➢ ഡയറക്ടർ, ടൂറിസം വകുപ്പ്-കൺവീനർ<br>➢ ഡയറക്ടർ, പുരാവസ്തു വകുപ്പ്<br>➢ ചീഫ് ടൗൺ പ്ലാനർ |

| | |
|---|---|
| | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി വിദഗ്ദ്ധൻ, വിനോദസഞ്ചാര മേഖലയിലെ ഒരു വിദഗ്ദ്ധൻ എന്നിവരും ഉൾപ്പെടുന്നു. കമ്മിറ്റിയുടെ ചെയർമാൻ ടൂറിസം സെക്രട്ടറിയും, കൺവീനർ ടൂറിസം ഡയറക്ടറും ആയിരിക്കും. കൂടാതെ പ്രത്യേക വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലം ഉൾപ്പെടുന്ന പ്രദേശത്തെ ജില്ലാ ടൗൺ പ്ലാനറെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തലവനെയും കമ്മിറ്റിയിലേക്ക് കോ-ഓപ്റ്റ് ചെയ്യാൻ ചെയർമാന് അധികാരം ഉണ്ടായിരിക്കും. |
| സി) പ്രസ്തുത കമ്മിററികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഉണ്ട്. കമ്മിറ്റി നിരവധി തവണ യോഗങ്ങൾ ചേരുകയും വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം മൂന്നാറിലെ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി, അന്തിമ ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. മൂന്നാറിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മറ്റുള്ള ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ഡി) പ്രസ്തുത കമ്മിററികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിക്കുന്നതാണ്. |

Sreekanth

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.182 10.03.2010-ൽ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജുപോൾ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട്ആഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ സുഗമമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയിട്ടുള്ളത്. വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി ഫലപ്രദമെന്ന് കണ്ടെത്തിയതിനുശേഷമാണ് സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചത്.<br>ഫ്രണ്ട്ഓഫീസിൽ പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് സമയബന്ധിതമായിസേവനം ലഭ്യമാക്കുന്നതിനുള്ള വിശദമായ നടപടിക്രമങ്ങളും അതിനാവശ്യമായ ഫാറങ്ങൾ, രജിസ്റ്ററുകൾ, ജീവനക്കാരുടെ ചുമതലകൾ, പ്രവർത്തന സമയം, മോണിറ്ററിംഗ് സംവിധാനം തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്കായി ഏർപ്പെ |

ടുത്തേണ്ട സൗകര്യങ്ങൾ സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ആഫീസുകളിലെ ഭൗതിക സൗകര്യങ്ങൾ ഫ്രണ്ട് ആഫീസ് ആരംഭിക്കുന്നതിന് അപര്യാപ്തമാണെങ്കിൽ അത് പരിഹരിക്കുന്നതിനായി തനതു ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാൻറിൽ നിന്നോ തുക വകയിരുത്തി പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഫ്രണ്ട് ആഫീസ് ആരംഭിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; | (ബി) | എല്ലാ ഗ്രാമ പഞ്ചായത്തിലും ഫ്രണ്ട് ആഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഫ്രണ്ട് ആഫീസിൽ നൽകുന്ന പരാതിയിൽ എത്ര ദിവസത്തിനകം നടപടി എടുക്കുമെന്ന് അറിയിക്കാറുണ്ടോ; | (സി) | ഫ്രണ്ട് ആഫീസിൽ നൽകുന്ന പരാതിയിന്മേൽ സേവനം ലഭ്യമാക്കുന്ന തീയതി കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തി നൽകുന്നുണ്ട്. |
| (ഡി) | ഒന്നോ രണ്ടോ ദിവസത്തിനകം നടപടി എടുക്കാവുന്ന കേസ്സുകളിൽ പോലും രണ്ടും മൂന്നും ആഴ്ചകൾക്കു ശേഷമുള്ള തീയതിയിലേക്കാണ് ചില ഗ്രാമ പഞ്ചായത്തുകളിലെ ഫ്രണ്ട് ആഫീസിൽ നിന്നും തീയതി രേഖപ്പെടുത്തി നൽകുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ഇതു സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഫ്രണ്ട് ആഫീസുകളുടെ പ്രവർത്തനം കാര്യ | | ഫ്രണ്ട് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപറയുന്ന |

| | |
|---|---|
| ക്ഷമവും ശാസ്ത്രീയ വുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) ഇതിനായി പ്രത്യേകം ഒരു സോഫ്റ്റ്‌വെയർ ഐ.കെ.എം.തയ്യാറാക്കി ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചു വരുന്നുണ്ട്.<br><br>(2) ഫ്രണ്ട് ആഫീസ് മാന്വൽ തയ്യാറാക്കി വരുന്നു.<br><br>(3) ഫ്രണ്ട് ആഫീസ് സംവിധാനം ഫലപ്രദമായുംകാര്യക്ഷമമായും നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി ഡയറക്ടർമാർ പ്രതിമാസം കുറഞ്ഞത് അഞ്ചും അസിസ്റ്റന്റ് ഡയറക്ടർമാർ കുറഞ്ഞത് പത്തും ഗ്രാമപഞ്ചായത്തുകളിൽ വീതം പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 169

10.03.2010-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്രം അനുവദിച്ച തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ.കെ. ബാബു<br>ശ്രീ.കെ. അച്ചുതൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്രം എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു; | എ) യും ബി) യും<br>പൊതുവിൽ മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനായി കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയിലെ കടാശ്വാസ നടപടികൾക്കായി 18.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| സി) ഈ തുക കൊണ്ട് എത്ര പേരുടെ കടം എഴുതിത്തള്ളി; | സി) ഇതു സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ഡി) കേന്ദ്രം തന്ന തുക മറ്റെന്തെങ്കിലും കാര്യത്തിന് ഉപയോഗിച്ചിട്ടുണ്ടോ; | ഡി) ഇല്ല. |
| ഇ) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കെന്ന് വ്യക്തമാക്കുമോ? | ഇ) ബാധകമല്ല. |

(signature)
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 184 — 10.03.2010 ൽ മറുപടിക്ക്

## ആംനെസ്റ്റി സ്കീം പ്രകാരമുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കൽ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) | വാണിജ്യ നികുതി വകുപ്പിൽ ആംനസ്റ്റി സ്കീം പ്രകാരം എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ; | (എ) വാണിജ്യ നികുതി വകുപ്പിൽ ആംനസ്റ്റി സ്കീം പ്രകാരം 2008--09 ൽ 120.37 കോടി രൂപയും 2009—10 സാമ്പത്തിക വർഷം 31/01/10 വരെ 50.21 കോടി രൂപയും ഉൾപ്പെടെ ആകെ 170.58 കോടി രൂപ പിരിച്ചു. |
| (ബി) | കോടതി ട്രിബ്യൂണൽ സ്റ്റേയിൽ എത്ര കോടി രൂപ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 31/12/09 ലെ കണക്കനുസരിച്ച് കോടതി ട്രിബ്യൂണൽ സ്റ്റേയിൽ 624.76 കോടി രൂപ ഉണ്ട്. |
| (സി) | പ്രസ്തുത സ്റ്റേ ഒഴിവാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; | (സി) സ്റ്റേ ഒഴിവാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്റ്റേയിൽ ഉൾപ്പെടാതെ എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) സ്റ്റേയിൽ ഉൾപ്പെടാതെ 2456.69 കോടി രൂപ നിലവിലുണ്ടെങ്കിലും പൊതു മേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികയും കച്ചവടം നിറുത്തിയ സ്ഥാപനങ്ങളുടെ കുടിശ്ശികയും, റിഷൻ നൽകേണ്ട തുകയും ചെല്ലാൻ നഷ്ടപ്പെട്ട തുകയും ആണ് കൂടുതൽ. ഇവ ഒഴിവാക്കിയാൽ പിരിച്ചെടുക്കാവുന്ന തുക 720.25 കോടി രൂപ മാത്രമാണ്. |

| | |
|---|---|
| (ഇ) നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്; | (ഇ) നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും, പിഴയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം നൽകിയാൽ മതിയാകും. എന്നാൽ സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല. |
| (എഫ്) ഇതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക അടച്ചു എന്ന് വ്യക്തമാക്കുമോ? | (എഫ്) ഇതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങൾ 31/01/2010 വരെ 15.57 കോടി രൂപ അടച്ചു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 185

10. 03. 2010 - ൽ മറുപടിക്ക്

### സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഇന്റർനെറ്റ് കഫേകളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ മേൽനിരീക്ഷണം കൂടുതൽ ശക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ ; | (എ) : ഇന്റർനെറ്റ് കഫേകളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളുടെ മേൽ നിരീക്ഷണം കൂടുതൽ ശക്തമാക്കുന്നതിനും ലക്ഷ്യമിട്ട് സൈബർ കഫേ റൂൾസിന്റെ കരട് തയ്യാറാക്കി വരുന്നു. കൂടാതെ സൈബർ ആക്രമണങ്ങളും സൈബർ ഭീകരതയും നേരിടുന്നതിനായി കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് CERT-India മാതൃകയിൽ സംസ്ഥാനത്ത് CERT-Kerala രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) : സംസ്ഥാനത്ത് നിലവിൽ സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നത് ഏത് ആക്ടിന്റെ അടിസ്ഥാനത്തിലാണ് ; | (ബി) : 27.10.2009 - ൽ പ്രാബല്യത്തിൽ വന്ന IT Amendment Act - 2008 പ്രകാരം ഭേദഗതി വരുത്തിയ IT Act 2000 പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നത്. |
| (സി) പ്രസ്തുത ആക്ട് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടാൻ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (സി) : സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടാൻ നിലവിലുള്ള ആക്ട് അടുത്ത കാലത്ത് നിലവിൽ വന്ന ഭേദഗതികളോടെ പര്യാപ്തമായിട്ടുണ്ടോയെന്ന് പരിശോധിച്ചു വരുന്നു. |

സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടാൻ നിലവിലുള്ള IT ( Amendment) Act 2008 ലെ Chapter XI ൽ പറയുന്ന 65 മുതൽ 74 വരെയുള്ള വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. കൂടാതെ Chapter IX ൽ പറയുന്ന സെക്ഷൻ 43 മുതൽ 45 വരെയുള്ള വകുപ്പുകൾ പ്രകാരം Adjudicating Officer മുമ്പാകെ പരാതി നൽകി compensation ലഭ്യമാക്കാവുന്നതാണ്. Adjudicating Officer സ്വീകരിക്കുന്ന നടപടിക്കെതിരെ chapter X ൽ പറയുന്ന Cyber Appellate Tribunal മുമ്പാകെ പരാതി നൽകാവുന്നതാണ്. IT (Amendment) Act 2008 27.10.2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 27.10.2009 ന് മുമ്പ് DySP റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായിരുന്നു ഈ ആക്ട് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ എന്നുള്ളത് ഇപ്പോൾ സർക്കിൾ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കും, അതിനു മുകളിലുള്ള റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കും കേസ്സ് അന്വേഷണം നടത്തുന്നതിനും, സൈബർ കഫേകളും, കേസ്സുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സ്ഥാപനങ്ങളും സെർച്ച് ചെയ്യുന്നതിനും ഉള്ള അധികാരം നൽകിയിട്ടുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ഫലപ്രദമായ നിയമനിർമ്മാണം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഡി) നിലവിലുള്ള നിയമം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഫലപ്രദമായി ഉപയോഗിക്കുവാൻ നടപടികൾ എടുത്തു വരുന്നു. ഇതിലേയ്ക്ക് സൈബർ കഫേ റൂൾസ് കൂടി പ്രാബല്യത്തിൽ വന്ന് കഴിഞ്ഞാൽ കുറ്റകൃത്യങ്ങൾ കുറെകൂടി ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 186

10.03.2010- ൽ മറുപടിക്ക്.

## ഹോം ഗാർഡ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. പി. വിശ്വൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹോം ഗാർഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | : (എ) മൂവായിരം ഹോം ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു. 1864 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്. നിയമനം ലഭിച്ചവർക്ക് ഘട്ടംഘട്ടമായി തൃശ്ശൂർ കേരളാ പോലീസ് അക്കാഡമി/കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമി എന്നിവിടങ്ങളിൽ വച്ച് അഞ്ചു ദിവസത്തെ പരിശീലനം നൽകിവരുന്നു. നടപ്പു സാമ്പത്തികവർഷം ഹോംഗാർഡുകളുടെ പ്രവർത്തനത്തിനായി അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഹോം ഗാർഡുകളെ ഏതെല്ലാം മേഖലകളിലെ സേവനത്തിനാണ് നിയോഗിക്കുന്നത് എന്നറിയിക്കുമോ ; | : (ബി) ഹോം ഗാർഡുകളെ ചുവടെ കൊടുത്തിട്ടുള്ള മേഖലകളിലെ സേവനത്തിന് നിയോഗിക്കുന്നതാണ്:<br>1. ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ<br>2. ട്രാഫിക് നിയന്ത്രണവും ക്രമീകരണവും<br>3. ആഘോഷവേളകളിൽ ബന്തവസ് ഡ്യൂട്ടി<br>4. പൊതുപരിപാടികളിലെ ബന്തവസ് ഡ്യൂട്ടി<br>5. ദുരന്ത നിവാരണ പ്രവർത്തനം - സിവിൽ ഡിഫൻസ് പ്രവർത്തനം |

(മറുപുറം)

6. ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ
7. സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി
8. പട്രോൾ അസിസ്റ്റൻസ് (Patrol Assistance)
9. കമ്മ്യൂണിറ്റി പോലീസിംഗ് (Community Policing)

(സി) ആകെ എത്ര ഹോം ഗാർഡുകളെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും ഇതിനകം എത്ര പേരെ നിയമിച്ചു എന്നും വെളിപ്പെടുത്തുമോ;

: (സി) **മൂവായിരം.**

**1864** പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്.

(ഡി) ഹോം ഗാർഡ് സംവിധാനം മുഖേന എന്തു നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

: (ഡി) പ്രകൃതി ക്ഷോഭം, ആഭ്യന്തര കലാപം തുടങ്ങിയ സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനത്തിൽ സേനാ വിഭാഗങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ അർപ്പണബോധമുള്ളവരും സേവന സന്നദ്ധതയുള്ളവരും അച്ചടക്കമുള്ളവരുമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുവാൻ സാധിക്കുമെന്നതാണ് പ്രധാന നേട്ടം. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്/പോലീസ് സേനാംഗങ്ങളുടെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിൽ പലപ്പോഴും കാലതാമസം ഉണ്ടാകുന്നതുമൂലം ധാരാളം ഒഴിവുകൾ ഉണ്ടാകാറുണ്ട്. ജീവനക്കാരുടെ കുറവ് പരിഹരിച്ച് രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, പോലീസിലെ ട്രാഫിക് നിയന്ത്രണം പോലുള്ള ദൈനംദിന ഡ്യൂട്ടികളിലും ഹോം ഗാർഡുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാരണം കൊണ്ട് കൂടുതൽ പോലീസുകാരെ ക്രമസമാധാന പരിപാലനത്തിന് നിയോഗിക്കുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 187

10.03.2010- ൽ മറുപടിക്ക്.

## ഹജ്ജ് രംഗത്തെ സ്വകാര്യഗ്രൂപ്പുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ടി. എ. റഹീം<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ടി. ജലീൽ<br>ശ്രീ. എ. എം. യൂസഫ് | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ഹജ്ജ് രംഗത്ത് സ്വകാര്യ ഗ്രൂപ്പ് സമ്പ്രദായം എന്താണ്; | : (എ) സൗദി ഗവൺമെന്റിൽ നിന്ന് ഇന്ത്യക്ക് അനുവദിച്ചുകിട്ടുന്ന ഹജ്ജ് ക്വാട്ടയിലെ ഒരു നിശ്ചിതഭാഗം രജിസ്റ്റർ ചെയ്യപ്പെട്ട സ്വകാര്യ ഹജ്ജ് ടൂർ ഓപ്പറേറ്റർമാർക്ക് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്നു. ഇപ്രകാരം ക്വാട്ട അനുവദിച്ചുകിട്ടുന്ന സ്വകാര്യ ഗ്രൂപ്പുകൾ സ്വന്തം നിലയിൽ ഹജ്ജ് യാത്രയ്ക്ക് സംവിധാനം ഉണ്ടാക്കുന്നതാണ് ഹജ്ജ് രംഗത്തെ സ്വകാര്യ ഗ്രൂപ്പ് സമ്പ്രദായം. |
| (ബി) സ്വകാര്യഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതുകൊണ്ട് ഹാജിമാർക്ക് പ്രത്യേക സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോ; | : (ബി) സ്വകാര്യ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതുകൊണ്ട് ഹാജിമാർക്ക് പ്രത്യേക സൗകര്യങ്ങൾ ലഭിക്കുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(മറുപുറം)

(സി) സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾക്ക് അനുമതി നൽകുന്നത് ആരാണ് ;

: (സി) സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾക്ക് അനുമതി നൽകുന്നത് കേന്ദ്ര സർക്കാറും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമാണ്.

(ഡി) സ്വകാര്യ ഗ്രൂപ്പുകളെ നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

: (ഡി) ഇല്ല.

(ഇ) സ്വകാര്യ ഗ്രൂപ്പുകൾക്ക് ഹജ്ജ് സീറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

: (ഇ) ബാധകമല്ല.

(എഫ്) സ്വകാര്യ ഗ്രൂപ്പുകൾ വഴി പോകുന്നവർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നുണ്ടോ എന്ന് അറിയിക്കുമോ ?

: (എഫ്) സ്വകാര്യ ഹജ്ജ് ഗ്രൂപ്പ് വഴി പോകുന്നവർ, സംസ്ഥാന ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്ന ഓറിയന്റേഷൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ട്. സ്വകാര്യ ഗ്രൂപ്പ് വഴി പോകുന്ന ഹാജിമാർക്കുളള പ്രതിരോധ കുത്തിവെപ്പിനുളള സംവിധാനവും കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 188

10-3-2010 ൽ
മറുപടിയ്ക്ക്

കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം. മോനായി:<br>ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വകുപ്പിനു കീഴിലുള്ള കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) ഉണ്ട്; കിറ്റ്സിൽ ക്ലാസ്സുകൾ നടത്തുന്നതിനും മറ്റുമായി പുതിയ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ്, ബി.ബി.എ ട്രാവൽ ആന്റ് ടൂറിസം, എം.ഫിൽ ടൂറിസം എന്നീ കോഴ്സുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഈ സർക്കാർ കിറ്റ്സിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചു എന്നു വ്യക്തമാക്കുമോ; | ബി) ഈ സർക്കാരിന്റെ കാലത്താണ് ആദ്യമായി യൂണിവേഴ്സിറ്റി അഫിലിയേറ്റ് ചെയ്ത എം.ബി.എ ട്രാവൽ ആന്റ് ടൂറിസം കോഴ്സ് തുടങ്ങിയത് (2008). കിറ്റ്സിന്റെ സ്റ്റഡിസെന്ററുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ഫ്രണ്ട് ഓഫീസ് |

മാനേജ്മെന്റ്, ഡിപ്ളോമ ഇൻ എയർഹോസ്റ്റസ് ട്രാവൽ ആന്റ് കാർഗോ മാനേജ്മെന്റ് എന്നീ പുതിയ കോഴ്സുകൾ തുടങ്ങി.

സി) കിറ്റ്സിനെ ഒരു കല്പിത സർവ്വകലാശാലയായി മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ:

ഡി) കിറ്റ്സിനെ ഒരു കല്പിത സർവ്വകലാശാലയായി മാറ്റുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആലോചിച്ചുവരുന്നു. ഇതിനായി വൈവിധ്യമാർന്ന കോഴ്സുകൾക്ക് രൂപം നല്കി, കെട്ടിടം, ലൈബ്രറി, കമ്പ്യൂട്ടർ ലബോറട്ടറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു വരുന്നു.

ഡി) കിറ്റ്സിന്റെ കീഴിൽ ഇപ്പോൾ എത്ര സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നു; അവയുടെ പ്രവർത്തനം വിശദമാക്കുമോ?

ഇ) 2 (രണ്ട്): പള്ളുരുത്തി, തലശ്ശേരി എന്നീ സ്റ്റഡീ സെന്ററുകളിൽ ഹ്രസ്വ കാലയളവിലുള്ള ടൂറിസം ഹോസ്പിറ്റാ ലിറ്റി കോഴ്സുകളും സർക്കാർ /സ്വകാര്യ ഏജൻസികൾക്കായി വിവിധ തരത്തിലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നു.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 189 — 10/03/2010-ൽ മറുപടിക്ക്

## കുട്ടികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ:<br>ശ്രീ.എൻ.രാജൻ:<br>ശ്രീമതി. ഇ.എസ്.ബിജി മോൾ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് എല്ലാ കുട്ടികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള പ്രായ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) തീരുമാനിച്ചിട്ടുണ്ട്. മൂന്നു വയസ്സുമുതൽ 18 വയസ്സുവരെ |
| ബി) ഇതിനായി കുട്ടികളുടെ സമഗ്രമായ സെൻസസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സെൻസസ് പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | ബി) സെൻസസ് ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) ഇത്തരത്തിൽ തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; തിരിച്ചറിയൽ കാർഡിനുള്ള രേഖകൾ ഹാജരാക്കുന്ന കാര്യത്തിൽ രക്ഷകർത്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതുകൊണ്ട് താഴെപറയുന്ന ഗുണങ്ങളുണ്ടാകും.<br>• എല്ലാ കുട്ടികൾക്കും ഒരു യുണീക് നമ്പർ ലഭിക്കുന്നു.<br>• ആധികാരികമായി ലഭിക്കുന്ന ജനനതീയതി കുട്ടിയുടെ തിരിച്ചറിയൽ കാർഡിൽ ഉൾപ്പെടുത്താൻ കഴിയുന്നതിലൂടെ ജനനതീയതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടാകാവുന്ന എല്ലാ കാര്യങ്ങൾക്കും ഈ കാർഡ് ഒരു ആധികാരികരേഖയായി സൂക്ഷിക്കാവുന്നതാണ്. |

⇨

- സ്കൂളിൽ ചേർക്കാനും വിടുതൽ വാങ്ങാനും വിവരങ്ങൾ പകർത്തി എഴുതുന്നതുമൂലം സംഭവിക്കുന്ന പിശകുകൾ ഒഴിവാക്കാനും കഴിയും.
- പാഠപുസ്തക അച്ചടി, വിതരണം എന്നിവയുടെ ആവശ്യകത മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുന്നു. അതുകൊണ്ട് ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നതുകൊണ്ട് പദ്ധതി ആസൂത്രണം ശാസ്ത്രീയമാക്കാൻ കഴിയും.
- നേറ്റിവിറ്റി, ജാതി തെളിയിക്കൽ തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്കുള്ള അടിസ്ഥാന രേഖയായി പരിഗണിക്കാവുന്നതാണ്.
- കുട്ടിയെ പിൻതുടർന്ന് അവരുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കഴിയും

ഇക്കാര്യത്തിൽ രക്ഷകർത്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190

10-3-2010 ൽ മറുപടിയ്ക്ക്

### ഡിസ്കവർ കേരള ടൂറിസം പാക്കേജ്

**ചോദ്യം**

ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ.കെ. ദിവാകരൻ:
ശ്രീ. ജോർജ് എം.തോമസ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി.കെ.സദാശിവൻ:

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) കെ.ടി.ഡി.സി. ആവിഷ്കരിക്കുന്ന ഡിസ്കവർ കേരള ടൂറിസം പാക്കേജിന്റെ വിശദാംശം നൽകുമോ ;

എ) കേരളത്തിനകത്തും പുറത്തുമുള്ള മലയാളി കുടുംബങ്ങൾ, പ്രവാസി മലയാളികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കേരളത്തിലെ കൂടുതൽ പ്രശസ്തമല്ലാത്തതും സാദ്ധ്യതയുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും അവയുടെ സംസ്കാരത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.ഡി.സി. പുതിയതായി നടപ്പിലാക്കിയ പാക്കേജ് ടൂറാണ് " ഡിസ്കവർ കേരള" . യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള ഇന്ത്യാക്കാർക്കും വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുടുംബത്തോടൊപ്പം സന്ദർശിച്ച് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ പാക്കേജ് ടൂറിന്റെ പ്രധാന ലക്ഷ്യം.

കേരളത്തിന്റെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഉത്തരായനം എന്ന പേരിലും തെക്കൻ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് ദക്ഷിണായനം എന്ന പേരിലും കേരളമാകെമാനം ബന്ധപ്പെടുത്തി സുന്ദരകേരളമെന്ന പേരിലുമായി മൂന്നു പാക്കേജുകളാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

മേൽപ്പറഞ്ഞ പാക്കേജുകൾ 6 ദിവസം മുതൽ 13 ദിവസം വരെ ദൈർഘ്യമുള്ളവയാണ്. ടൂറിസ്റ്റുകൾക്ക്

അവരുടെ സൗകര്യപ്രദമായ രീതിയിൽ പാക്കേജ് ദിവസങ്ങളിലും പുറപ്പെടുന്ന ദിവസങ്ങളിലും മാറ്റം വരുത്താവുന്നതാണ്. കെ.ടി.ഡി.സിയുടെ വിവിധ ടാമറിന്റ് ഈസി ഹോട്ടലുകളിലും ബഡ്ജറ്റ് ഹോട്ടലുകളിലുമാണ് താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. ഒരാൾക്ക് ഒരു ദിവസത്തെ പ്രഭാത ഭക്ഷണവും എ.സി. റൂമിലെ താമസവും അവയുടെ നികുതിയും ഉൾപ്പെടെ 675/- രൂപ മാത്രമാണ് നിരക്ക്. സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാം എന്നുള്ളതാണ് ഈ പാക്കേജുകളുടെ പ്രത്യേകത. 5,000/- രൂപ മുതൽ 15,000/- രൂപ വരെയുള്ള വിവിധ പാക്കേജുകൾ ലഭ്യമാണ്. ഈ പാക്കേജുകൾ കുറഞ്ഞത് മൂന്നു രാത്രി ഉൾക്കൊള്ളുന്നതായിരിക്കണം.

ബി) ഏതെല്ലാം ടൂറിസ്റ്റുകേന്ദ്രങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

ബി) കാസർഗോഡ്, കണ്ണൂർ, വയനാട്, തിരുനെല്ലി, സുൽത്താൻ ബത്തേരി, കോഴിക്കോട്, മണ്ണാർക്കാട്, ഗുരുവായൂർ, കാലടി, കൊച്ചി, മൂന്നാർ, പീരുമേട്, തേക്കടി, ആലപ്പുഴ, ചങ്ങനാശ്ശേരി, കൊല്ലം, തിരുവനന്തപുരം, കന്യാകുമാരി തുടങ്ങിയ പ്രധാന ടൂറിസ്റ്റുകേന്ദ്രങ്ങളും അതിനു സമീപ പ്രദേശങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സി) എല്ലാ സംസ്ഥാനങ്ങളിൽ നിന്നുള്ള സന്ദർശകരെയും ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

സി) മേൽപ്പറഞ്ഞ ടൂർ പാക്കേജുകളെല്ലാം തന്നെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും, ആഭ്യന്തര ടൂറിസ്റ്റുകളെയും ആകർഷിക്കുംവിധമാണ് തയ്യാറാക്കിയിട്ടുള്ളത്. വിവിധ മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണവും നൽകിയിട്ടുണ്ട്.

ഡി) ആഭ്യന്തര ടൂറിസത്തിനായി ചെലവു കുറഞ്ഞ ടൂറിസം പാക്കേജുകൾ ആവിഷ്ക്കരിക്കുമോ;

ഡി) പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഡിസ്കവർ കേരള പാക്കേജുകൾ എല്ലാം തന്നെ ചെലവു കുറഞ്ഞ ടൂറിസം പാക്കേജുകളാണ്.

| | |
|---|---|
| ഈ) ഈ വർഷം സംസ്ഥാനം സന്ദർശിച്ച വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ എത്രയെന്ന് വ്യക്തമാക്കുമോ? | ഇ) 2009 വർഷം കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളെ സംബന്ധിക്കുന്ന കണക്കുകൾ എല്ലാ ജില്ലകളിൽ നിന്നും ലഭിച്ചിട്ടില്ല. വിശദമായ കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 191 — 10-03-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു പോൾ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. പള്ളിപ്രം ബാലൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) ആദ്യ ഘട്ടമെന്ന നിലയിൽ എത്ര സ്കൂളുകളിൽ ആയത് രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) ആദ്യ ഘട്ടത്തിൽ ഓരോ ജില്ലയിലും രണ്ട് വീതം ഹയർ സെക്കൻഡറി , വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| സി) പ്രസ്തുത കേഡറ്റുകളുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കുമോ ; | സി) 1. നിയമവിധേയത്വം ജീവിതചര്യയാക്കുകയും അതിനായി സഹപാഠികളേയും കുടുംബാംഗങ്ങളേയും പ്രേരിപ്പിക്കുകയും ചെയ്യുക<br>2. വിദ്യാർത്ഥി പോലീസ് കേഡറ്റുകൾക്കായി സംഘടിപ്പിക്കുന്ന കായിക പരിപാടികൾ, ഡ്രിൽ, പരേഡ്, ക്യാമ്പുകൾ, നേതൃത്വശേഷി പഠന ക്ലാസ്സുകൾ, യാത്രകൾ എന്നിവയിൽ സജീവമായി പങ്കെടുക്കുക.<br>3. വിവിധ സർക്കാർ ഇതര സംഘടനകളുമായി ചേർന്ന് സഹപാഠികൾക്കായി നിയമസാക്ഷരത ക്ലാസ്സുകൾക്ക് നേതൃത്വം നൽകുക.<br>4. മയക്കുമരുന്നിനും തീവ്രവാദത്തിനും മറ്റു സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ കൂട്ടായ്മയും ബോധവത്കരണവും നടത്തുക.<br>5. പോലീസും പൊതുസമൂഹവും തമ്മിലുള്ള അകൽച്ച ലഘൂകരിക്കുക. |

6. ക്രമസമാധാനപാലനത്തിലും കുറ്റകൃത്യനിവാരണത്തിലും പോലീസ് സേനയോടൊപ്പം നിന്ന് പ്രവർത്തിക്കുവാൻ യുവതലമുറയുടെ നെറ്റ്‌വർക്ക് രൂപീകരിയ്ക്കുക.

7. ക്രൈംസ്റ്റോപ്പർ, പോലീസ് ഹെൽപ്പ്ലൈൻ തുടങ്ങിയ ടെലിഫോൺ നമ്പരുകൾ വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിക്കുകയും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിവരങ്ങൾ പോലീസിന് കൈമാറുവാൻ കുടുംബാംഗങ്ങളേയും സഹപാഠികളേയും പ്രേരിപ്പിക്കുക.

8. പോലീസ് സ്റ്റേഷൻ, കോടതി, ജയിൽ നടപടികൾ മനസ്സിലാക്കുന്നതിനായി സന്ദർശനം നടത്തുകയും പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.

9. രാജ്യസ്നേഹം ജീവിതവ്രതമാക്കുകയും രാജ്യത്തിന്റെ വികസനത്തിൽ അതീവ തൽപരരാകുകയും ചെയ്യുക. ദേശീയ ഉത്സവങ്ങൾ ആഘോഷിക്കുകയും ദേശീയ പ്രതീകങ്ങളെ ആദരിക്കുകയും ചെയ്യുക.

ഡി) പ്രസ്തുത കേഡറ്റുകൾക്ക് ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഡി) പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം തീരുമാനിയ്ക്കാൻ കഴിയുകയുള്ളൂ. പ്രാരംഭഘട്ട പരീക്ഷണാർത്ഥ പ്രവർത്തനം മാത്രം നടക്കുന്ന ഈ ഘട്ടത്തിൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.192 10-03-2010- ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയുടെ വികസനത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.ശെൽവരാജ് :<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എ.എം.ആരിഫ് : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (എ) ആഗോള സാമ്പത്തിക തകർച്ചയുടെ ഫലമായി സമുദ്ര മത്സ്യമേഖലയുടെ കയറ്റുമതിയിലുണ്ടാകുന്ന കുറവ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവന ഉപാധിയെ ബാധിക്കുന്നത് പരിഹരിക്കുന്നതിന് സഹായകമായി സർക്കാർ 1000 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് ഉദ്ദേശിച്ചുള്ളതാണ്. നാല് ഘടകങ്ങളാണ് പദ്ധതിയിലുള്ളത്.<br>ശീതീകരണ സംഭരണ യൂണിറ്റ് -400 ലക്ഷം രൂപ<br>ജീവനോപാധി സഹായം - 150 ലക്ഷം രൂപ<br>വിപണന സഹായം - 200 ലക്ഷം രൂപ<br>മൂല്യവർദ്ധന യൂണിറ്റുകൾ - 250 ലക്ഷം രൂപ<br>ആകെ - 1000 ലക്ഷം രൂപ<br>നാലുഘടകങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ജീവനോപാധി സഹായം അഡാക്ക് മുഖേനയും, വിപണന സഹായം മത്സ്യഫെഡ്/സാഫ് മുഖേനയും മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കൽ സാഫ് മുഖേനയും ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. ശീതീകരണ സംഭരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് മത്സ്യഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) മത്സ്യസംസ്കരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യസംസ്കരണത്തിനും കയറ്റുമതിക്കുമായി കൊച്ചിയിൽ ഒരു ഫ്രീസിംഗ് പ്ലാൻറ് മത്സ്യഫെഡിൻെറ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചൂര മത്സ്യം കയറ്റുമതി ചെയ്യുന്നതിന് എം.പി.ഇ.ഡി.എ യുടെ സഹായത്തോടെ 110 ലക്ഷം രൂപ ചെലവ് ചെയ്ത് ട്യൂണ ടെർമിനൽ നിർമ്മാണം മത്സ്യഫെഡ് പൂർത്തിയാക്കിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിലും സുനാമി അടിയന്തിര സഹായ പദ്ധതിയിലും ഉൾപ്പെടുത്തി തീരദേശ മേഖലയിൽ മത്സ്യസംസ്കരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പാക്കി വരുന്നു.<br>മത്സ്യം ശുചിയായ സാഹചര്യത്തിൽ വൃത്തിയായി ഉണക്കി വിപണനം നടത്തുവാൻ വനിതകളുടെ 57 യൂണിറ്റുകൾ കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>മത്സ്യസംസ്കരണത്തിനു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആലപ്പാട്, ആറാട്ടുപുഴ, മാരാരിക്കുളം എന്നിവിടങ്ങളിൽ ക്ലസ്റ്റർ പ്രൊഡക്ഷൻ സെൻററുകൾ സുനാമി അടിയന്തിര സഹായ പദ്ധതിയിലും ഞാറയ്ക്കൽ, വെള്ളയിൽ എന്നിവിടങ്ങളിൽ സുനാമി പുനരധിവാസ പദ്ധതിയിലും സ്ഥാപിതമായി.<br>ആധുനിക രീതിയിലുള്ള സോളാർ ഡ്രയർ ഉപയോഗിച്ച് മത്സ്യം ഉണക്കി വിപണനം നടത്തുന്നതിന് കൊല്ലത്ത് ശക്തികുളങ്ങരയിൽ ഒരു ഡ്രൈ ഫിഷ് കോംപ്ലക്സിൻെറ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. കക്ക-ചിപ്പി എന്നിവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിന് 88 മസ്സൽ/ക്ലാം പിക്കിൾ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കക്ക/ചിപ്പി സംസ്കരിച്ചു വിപണനം നടത്തുന്നതിനുവേണ്ടി 13 ഡെപ്യൂറേഷൻ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>മത്സ്യം സംസ്കരിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്നതിന് നിരവധി സൂക്ഷ്മ സംരംഭങ്ങൾ സുനാമി അടിയന്തിര |

| | |
|---|---|
| | സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. മത്സ്യസംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പീലിംഗ് തൊഴിലാളികൾക്കു പ്രവർത്തന മൂലധനം നൽകുന്നതിനുള്ള ഒരു പദ്ധതിയും സുനാമി പുനരധിവാസ പദ്ധതിയിൽ നടപ്പാക്കി കഴിഞ്ഞു. സാഫ് മുഖേന വനിതകളുടെ 90 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ ആവിഷ്ക്കരിച്ചു വരുന്നു. |
| (സി) മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ ; | (സി) മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>(1) മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന മാർഗ്ഗമായ മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി നൽകുന്നതിന് ദേശീയ സഹകരണ വികസന കോർപ്പറേഷൻെറ സഹായത്തോടെ നടപ്പിലാക്കുന്ന 34.02 കോടി രൂപ അടങ്കൽ തുകയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) 2008-2009 വർഷം മുതൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2010-2011 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 35 കോടി രൂപ അടങ്കൽ തുക വരുന്ന ഐ.എഫ്.ഡി. പദ്ധതി സർക്കാരിൻെറ പരിഗണനയിലാണ്.<br>(2) സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി കേരളത്തിൻെറ തീരദേശ മേഖലയിൽ നടക്കുന്ന പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ ജീവനോപാധി പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട പദ്ധതികൾ 2006 ഡിസംബർ മുതൽ സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു. തീരദേശ ജനതയുടെ, വിശിഷ്യ, മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരെ പുതിയ തൊഴിൽ മേഖലകളിലേക്ക് നയിക്കുന്നതിനും അതുവഴി തീരദേശ മേഖലയുടെ സമ്പദ് വ്യവസ്ഥ പുഷ്ടിപ്പെടുത്തുന്നതിനുമുതകുന്നവയാണ് ഈ പദ്ധതികൾ. പ്രസ്തുത പദ്ധതികൾ ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൻെറ ധനസഹായത്തോടെ നടപ്പാക്കി. |

| | |
|---|---|
| | 38.62 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായതിനോടൊപ്പം കേന്ദ്ര ധനസഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയിൽ 26 കോടിയുടെയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽ 26 കോടിയുടെയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തോടെ 21.21 കോടി രൂപയുടെയും ജീവനോപാധി സഹായ പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ മൂന്ന് മുഖ്യ പദ്ധതികളിലായി അമ്പതോളം ചെറു പദ്ധതികളാണ് വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിയിട്ടുള്ളത്. ജീവനോപാധി പുനഃസ്ഥാപനം, അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷ്വറൻസ് പരിരക്ഷ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറു പദ്ധതികളിലൂടെ തീരദേശത്തെ ഒരു ലക്ഷത്തോളം ആളുകൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായിട്ടുണ്ട്. മിക്ക പദ്ധതികളിലും വനിതകളാണ് സംരംഭകർ. 'തീരമൈത്രി' എന്ന പൊതു നാമധേയത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ അറിയപ്പെടുന്നത്. ഗുണഭോക്താക്കൾക്ക് ഗ്രാൻറായി കിട്ടുന്ന തുകയും ബാങ്ക് വായ്പയും ഗുണഭോക്തൃ വിഹിതവും പ്രയോജനപ്പെടുത്തിയാണ് ഓരോ യൂണിറ്റും പ്രവർത്തനക്ഷമമാക്കുന്നത്.<br>തീരമൈത്രിയുടെ നിർവ്വഹണം പൂർത്തിയാകുന്നതോടുകൂടി തീരദേശ ജനതയ്ക്ക്, വിശിഷ്യ, മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗത്തിനുള്ള വഴികൾ തുറന്നു കിട്ടും. മത്സ്യബന്ധന മേഖലയിൽ ആരംഭിച്ചിട്ടുള്ള നൂതന തൊഴിൽ സംരംഭങ്ങൾ തീരദേശ കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിന് സഹായകമാകും. |
| (ഡി) മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യവികസന ബോർഡിന് എന്തെല്ലാം പദ്ധതികൾ സമർപ്പിച്ചു. ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) <u>ദേശീയ മത്സ്യ വികസന ബോർഡിനു സമർപ്പിച്ച പദ്ധതികളും അംഗീകാരം ലഭിച്ചവയും</u><br>(1) അലങ്കാര മത്സ്യങ്ങളുടെ 273 ബാക്ക് യാർഡ് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് അംഗീകാരവും 68.25 ലക്ഷം രൂപയുടെ ഫണ്ടും ഫിർമസ്റ്റ് ലഭിക്കുകയുണ്ടായി. |

| | |
|---|---|
| | (2) മത്സ്യഫെഡിൻെറ ആറ്റുകൊഞ്ച് പദ്ധതിയ്ക്ക് അംഗീകാരവും 18 ലക്ഷം രൂപയുടെ ഫണ്ടും ലഭിക്കുകയുണ്ടായി.<br>(3) മലമ്പുഴ ജലസംഭരണിയിൽ മത്സ്യകൃഷി നടത്തുന്നതിന് അംഗീകാരവും 42.85 ലക്ഷം രൂപയുടെ ഫണ്ടും ലഭിക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>(4) ട്രെയിനിംഗ് ആൻറ് ഡെമോൺസ്ട്രേഷൻ പദ്ധതിയ്ക്ക് ഫിഷറിസ് വകുപ്പിന് അംഗീകാരവും 78.58 ലക്ഷം രൂപയുടെ ഫണ്ടും ലഭിക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കി വരുന്നു.<br>(5) മത്സ്യഫെഡ് കണ്ണൂരിൽ ആരംഭിക്കാനിരിക്കുന്ന വല നിർമ്മാണ ശാലയ്ക്കു ദേശീയ മത്സ്യവികസന ബോർഡിൽനിന്ന് 5% വാർഷിക പലിശ നിരക്കിൽ 10 കോടി രൂപയുടെ വായ്പ ലഭിക്കുമെന്ന ഉത്തരവ് ലഭിച്ചിട്ടുണ്ട്.<br>**<u>തത്വത്തിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.</u>**<br>1. ലാൻറിംഗ് സെൻററുകളും അടിസ്ഥാന സൗകര്യങ്ങളും - 1600 ലക്ഷം രൂപ<br>2. മാരികൾച്ചർ - 20 ലക്ഷം രൂപ<br>3. കോസ്റ്റൽ അക്വാകൾച്ചർ - 6 ലക്ഷം രൂപ<br>4. ഫിഷ് ഡ്രസ്സിംഗ് സെൻറർ ആൻറ് സോളാർ ഫിഷ് ഡ്രയിംഗ് - 79 ലക്ഷം രൂപ<br>5. ഡൊമസ്റ്റിക് മാർക്കറ്റിംഗ് - 40 ലക്ഷം രൂപ<br>6. ആഴക്കടൽ മത്സ്യബന്ധനവും ചൂര സംസ്കരണവും - 132 ലക്ഷം രൂപ<br>7. വല നിർമ്മാണ യൂണിറ്റ് - 500 ലക്ഷം രൂപ<br>8. അഡാക്കിൻെറ മാരികൾച്ചർ പദ്ധതി - 220.75 ലക്ഷം രൂപ |

പന്ത്രണ്ടാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 193 — 10.03.2010-ൽ മറുപടിയ്ക്ക്

<u>ടൂറിസം വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u><br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. വി.ശശികുമാർ :<br>ശ്രീ. വി.എൻ. വാസവൻ | |
| (എ) ടൂറിസം വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) ഗ്രാമീണമേഖലയുടെ പ്രകൃതി സൗന്ദര്യം, ജീവിതരീതി, കല, സംസ്കാരം, പാരമ്പര്യം എന്നിവ പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പ് സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റി മുഖേന തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് 50 % പരമാവധി 10 ലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ട് |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;<br>എങ്കിൽ വിശദാംശം നൽകുമോ; | ബി) ഉണ്ട്. കഠിനംകുളം ബാക്ക്‌വാട്ടർ സർക്യൂട്ടിന്റെ 2-ാം ഘട്ടത്തിനായി ഒന്നര കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി അഴൂർ ഗ്രാമപഞ്ചായത്ത് കേന്ദ്ര സർക്കാരിന് ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) കേന്ദ്രസർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്ന് പരമാവധി സഹായം നേടിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | സി) സഹായം നേടിയെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 194 - 10.03.2010 ൽ മറുപടിക്ക്**

**കെ.എഫ്.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>പ്രൊഫ.സി.രവീന്ദ്ര നാഥ്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.യൂസഫ് | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | മാനേജ്മെന്റ് പ്രഗത്ഭരെ ഉൾപ്പെടുത്തി കോർപ്പറേഷന്റെ ബോർഡ് പുനസംഘടിപ്പിച്ചു. കോർപ്പറേഷനെ വിഭവസമാഹരണത്തിന് പ്രാപ്തമാക്കുന്നതിലേയ്ക്കായി മുൻകാല നഷ്ടം എഴുതിത്തള്ളുവാൻ സഹായിക്കുന്ന വിധത്തിൽ 150 കോടി രൂപ മൂലധനം സർക്കാർ നൽകി. നിഷ്ക്രിയ ആസ്തികളിൽ നിന്നും കഴിയുന്നത്ര തിരിച്ചടവ് ലഭിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. വായ്പ അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേയ്ക്കായി ജില്ലാ തലത്തിലും മേഖലാ തലത്തിലും കൂടുതൽ അധികാരങ്ങൾ നൽകി. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംരംഭക സമ്പർക്ക പരിപാടികൾ നടത്തി. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സമ്പൂർണ്ണ കംപ്യൂട്ടർവൽക്കരണത്തിലേയ്ക്കായി പ്രമുഖ |

| | | |
|---|---|---|
| | | കമ്പനികളുമായി കരാറിലേർപ്പെട്ടു. ജോലിഭാരമനുസരിച്ച് ജീവനക്കാരെ പുന:സംഘടിപ്പിച്ച് വിവിധ ജില്ലാ, മേഖലാ ഓഫീസുകളിൽ നിയമിച്ച്, കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു. |
| ബി. | സാമ്പത്തിക രംഗത്തുണ്ടായ മാന്ദ്യം കെ.എഫ്.സിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; | ബാധിച്ചിട്ടില്ല. |
| സി. | പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി കെ.എഫ്.സി വഴി സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതിയിലൂടെ ഏതെല്ലാം കമ്പനികൾക്ക് എത്ര തുക വായ്പ നൽകി എന്ന് വ്യക്തമാക്കുമോ; | (1) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് - 45.50 കോടി രൂപ<br>(2) കെൽട്രോൺ - 9.06 കോടി രൂപ |
| ഡി. | നിലവിലുള്ള ഇടപാടുകാരെ സഹായിക്കാനായി കെ.എഫ്.സി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് പലിശ നിരക്കിൽ കുറവു വരുത്തി, 10 ശതമാനം പലിശ നിരക്കിൽ മിക്ക വായ്പകളും ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കി. വായ്പ അടച്ചു തീർത്ത് ബാധ്യതകൾ അവസാനിപ്പിക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. മുതൽ തിരിച്ചടയ്ക്കുവാൻ മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ അവധി നൽകുന്നു. വായ്പാ തിരിച്ചടവിന് കെ.എഫ്.സി ദീർഘമായ തിരിച്ചടവ് |

| | | |
|---|---|---|
| | | കാലയളവ് അനുവദിക്കുന്നു. വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് വായ്പാ കുടിശ്ശിക വന്ന സാഹചര്യങ്ങളിൽ പരമാവധി ഇളവുകൾ നൽകി വായ്പ പുന:ക്രമീകരിക്കുന്നു. ജില്ലാ, മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി. |
| ഇ. | കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ഉണ്ട് |
| എഫ്. | കെ.എഫ്.സിയുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | വനിതാവ്യവസായ സംരംഭകർക്കായി 9% പലിശ നിരക്കിൽ പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്നു. ഊർജ്ജ സംരക്ഷണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പകൾ വീണ്ടും ഉദാരമാക്കുന്നതിന് ഉദ്ദേശിക്കുന്നു. വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി, കെ.എഫ്.സി ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റ് ഫണ്ടിൽ അംഗമായിട്ടുണ്ട്. മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. മ്യൂച്വൽ ഫണ്ടുകളുടെ വിതരണം, ഇൻഷ്വറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ |

| | | |
|---|---|---|
| | | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പൂർണ്ണമായും കംപ്യൂട്ടർവൽക്കരിക്കുന്നതിനായി പ്രമുഖ കമ്പനികളുമായി കരാറിലേർപ്പെട്ടു. പുതു വ്യവസായ സംരംഭകർക്ക് പരിശീലനവും കൺസൾട്ടൻസി സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്, സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച വ്യവസായ സംരംഭകരെ കണ്ടെത്തി സമ്മാനം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട് . സംസ്ഥാനത്തെ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കിടയിൽ സംരംഭക അഭിരുചി വളർത്തുന്നതിന് ഏറ്റവും നല്ല Project Concept (സംരംഭക നിർദ്ദേശം) അവതരിപ്പിക്കുന്ന എൻജിനീയറിംഗ് കോളേജിന് സമ്മാനം നൽകുന്നു. പുതിയ വ്യവസായ സംരംഭക നിർദ്ദേശങ്ങൾ പ്രായോഗിക തലത്തിൽ വികസിപ്പിച്ചെടുക്കുന്നതിന് "ഇൻകുബേറ്റർ സെന്റർ" തുടങ്ങുന്നതിന് എൻജിനീയറിംഗ് കോളേജുകൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ നടപടി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 195 10.03.2010-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ. ഷാജു<br>ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ശ്രീ.പാലൊളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| എ) | ത്രിതല പഞ്ചായത്തുകൾ വഴി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിലും പൊതുവായ വർക്കുകളിലും വ്യാപകമായ തോതിൽ അഴിമതി നടക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | ത്രിതല പഞ്ചായത്തുകൾ വഴി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിലും പൊതുവായ വർക്കുകളിലും വ്യാപകമായ തോതിൽ അഴിമതി ഉണ്ട് എന്നത് വസ്തുതാപരമല്ല. സംസ്ഥാനത്തെ ത്രിതല പ്രഞ്ചായത്തുകളിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്കാണ് മുൻഗണന നൽകുക. വാർഡുതല ഗ്രാമസഭകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകരുടെ മുൻഗണനാ പട്ടിക അതാതുപഞ്ചായത്തുകൾ തയ്യാറാക്കി പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാറുണ്ട്. ഈ നടപടികൾ സുതാര്യവുമാണ്. ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവൃത്തിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിലൂടെ അഴിമതി തടയുന്നതിന് സാധിക്കാറുണ്ട്. ഇതിനുപുറമേ പെർഫോമൻസ് ആഡിറ്റ് ടീമിന്റേയും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റേയും അക്കൗണ്ടന്റ് ജനറലിന്റേയും കാലാകാലങ്ങളിലുള്ള ആഡിറ്റ് പരിശോധനയും അഴിമതി തടയുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു |

| | | | |
|---|---|---|---|
| | | | ണ്ട്.പദ്ധതികളുടെ നടത്തിപ്പ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ബഹു: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും സ്വമേധയായും കേസുകൾ ഫയൽ ചെയ്ത് അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി | ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗവും പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും സർക്കാരിനും പൊതുജനങ്ങൾക്കും റിപ്പോർട്ട് നൽകുന്നതിനും ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി | ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗവും പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഓരോ പ്രവൃത്തികൾക്കും മോണിട്ടറിംഗ് കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ നടന്നു വരുന്ന പെർഫോമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നീ ആഡിറ്റ് റിപ്പോർട്ടുകളിലൂടെ ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗവും പ്രവർത്തനവും വിലയിരുത്തുന്നതിന് സാധിക്കും. റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. റിപ്പോർട്ടുകളുടെ പകർപ്പ് വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് ആവശ്യപ്പെടാവുന്നതുമാണ്. ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിന്റേയും ,മെയിന്റനൻസ് ഫണ്ടിന്റേയും പ്രതിമാസ ചെലവ് പുരോഗതി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള സംവിധാനം ഫലപ്രദമാകയാൽ പുതിയ സംവിധാനം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.196 10-03-2010- ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശിക

ചോദ്യം

ശ്രീ. കെ.ബാബു :

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ എത്ര തുക കുടിശ്ശികയുണ്ട് ; | (എ) 2008-2009 സാമ്പത്തിക വർഷം കുടിശ്ശികയായ 3.5 കോടി രൂപ ഈ സാമ്പത്തിക വർഷം ആദ്യം കൊടുത്തുതീർക്കുകയുണ്ടായി. ഈ വർഷം സെപ്റ്റംബർ വരെ ലഭിച്ച ബില്ലുകളുടെ ആകെ തുകയായ 5 കോടി രൂപ കൊടുത്തുതീർക്കുന്നതിന് സർക്കാർ അധികമായി തുക അനുവദിക്കുകയും, കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷമുള്ള ബില്ലുകൾക്ക് പേമെൻറ് നടത്തുന്നതിന് ഇപ്പോൾ 150 ലക്ഷം SDG - യിൽ അനുവദിക്കുന്നതിന് നിർദ്ദേശമുണ്ട്. |
| (ബി) കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്ത് ;<br>(സി) എന്നേക്ക് ഈ കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) ആൻറ് (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.197 — 10.3.2010 ൽ മറുപടിയ്ക്ക്

## വാണിജ്യ നികുതി പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. ജോർജ്.എം.തോമസ്<br>ശ്രീ.മഞ്ഞളാംകുഴി അലി | ഡോ.റ്റി .എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള ഒട്ടേറെ നൂതന പദ്ധതികൾ വാണിജ്യ നികുതി വകുപ്പിൽ ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക് പോസ്റ്റുകളിലൂടെ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായിരുന്നു. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കാനുള്ള സർക്കാർ നയത്തിന്റെ പ്രാരംഭഘട്ടമായി നടപ്പാക്കിയ അഴിമതിരഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമായിരുന്നു. ചെക്ക് പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ പോലീസ് സംരക്ഷണം ഉറപ്പാക്കൽ, സോഷ്യൽ ഓഡിറ്റിങ്, പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ് ഡെസ്ക് സേവനം തുടങ്ങിയവ നികുതി പിരിവ് വർദ്ധിപ്പിക്കാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രധാനപ്പെട്ട നടപടികളായിരുന്നു. വാളയാർ അതിർത്തി ചെക്ക് പോസ്റ്റിനെ കൂടാതെ മഞ്ചേശ്വരം, അമരവിള ചെക്ക്പോസ്റ്റുകൾ അഴിമതി രഹിത ചെക്ക് പോസ്റ്റായി മാറ്റി. |

| | |
|---|---|
| | അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി, ബംഗ്ലമഞ്ചേശ്വരം, കുമിളി, കുട്ടുപുഴ എന്നീ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ചു. വാണിജ്യ നികുതി ഓഫീസുകളിലെ കാര്യ ക്ഷമത വർദ്ധിപ്പിച്ച് നികുതിവരുമാനം ഉയർത്താനുള്ള നടപടികളും സർക്കാരിന്റെഭാഗത്തുനിന്നുമുണ്ടായി. മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാനുള്ള ഭാഗമായുള്ള ആംനസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കി.ഈ പ്രവർത്തനങ്ങൾക്ക് പരിചയസമ്പന്നതയും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു. ഇതിനുപുറമേ ഒരു ഊർജ്ജിത അപ്പീൽ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നി വ ഏർപ്പെടുത്തി. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി പിരിവിൽ ഉണ്ടായ വർദ്ധന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി പിരിവിൽ 61.65 ശതമാനം വർദ്ധന ഉണ്ടായി. പ്രതി വർഷ വർദ്ധന നിരക്ക് 20.55 ശതമാനമാണ്. |
| (സി) ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ള നികുതി പിരിവ് വർദ്ധന എത്രയാണെന്ന്വ്യക്തമാക്കുമോ; | (സി) ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ള നികുതി പിരിവ് വർദ്ധന 12 ശതമാനമാണ്. |
| (ഡി) ഈ വർഷം ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ വർദ്ധന നിരക്ക് വ്യക്തമാക്കുമോ; | (ഡി) ഈ വർഷം ഇതുവരെ 13 ശതമാനം വർദ്ധന കൈവരിക്കാൻ കഴിഞ്ഞു |
| (ഇ) വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഇ) കുടിശ്ശിക ഈടാക്കുന്നതിനുസ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു<br>1. വാണിജ്യ നികുതി ഓഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ ധനകാര്യ വകുപ്പു മന്ത്രി നേരിട്ട് വിളിച്ചു കൂട്ടി. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ, എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു. |

3. നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
4. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

90-91 വരെയുള്ള കാലത്തേയ്ക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.91-92 മുതൽ 95-96 കാലത്തേയ്ക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കണം. പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കും.

96-97 മുതൽ 99-2000 വരെയുള്ള കാലത്തേയ്ക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.

2000-01 മുതൽ 2004-05 കാലത്തേയ്ക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.

നികുതി മുഴുവനും അടച്ചു കഴിഞ്ഞ പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം അടച്ചാൽ മതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല.

Chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.198

10.03.2010-ൽ മറുപടിയ്ക്ക്

## ഇ.എം.എസ്. ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ടി.എൻ. പ്രതാപൻ:<br>ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ അടൂർ പ്രകാശ്: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ഇന്ദിരാ ആവാസ് യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ഇതുവരെ മൊത്തം എത്ര വീടുണ്ടാക്കി ; | എ. ഉണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ 3,47,937 വീടുകളുടെ നിർമ്മാണവും 1,01,401 വീടുകളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. |
| ബി. ഈ പദ്ധതി പ്രകാരം ഉണ്ടാക്കുന്ന ഓരോ വീടിനും കേന്ദ്രത്തിൽ നിന്നും എന്തു തുക വച്ച് ലഭിക്കും ; ഇന്ദിരാ ആവാസ് യോജനയ്ക്കുള്ള പണം ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് വകമാറ്റി ചെലവാക്കാൻ കേന്ദ്രം അനുവദിച്ചിട്ടുണ്ടോ ; | ബി. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്ന ഓരോ വീടിനും ഇപ്പോൾ 26,250/- രൂപ വച്ച് 75% കേന്ദ്രവിഹിതം കേന്ദ്രസർക്കാരിൽ നിന്നും ലഭിയ്ക്കും. ഇന്ദിരാ ആവാസ് യോജനയ്ക്കുള്ള പണം ഇ.എം.എസ്. ഭവന പദ്ധതിക്ക് ചെലവഴിക്കാൻ കേന്ദ്രാനുമതി ആവശ്യപ്പെട്ടിട്ടില്ല. പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ പട്ടികവർഗ്ഗം- 1.25 ലക്ഷം പട്ടികജാതി- 1 ലക്ഷം പൊതുവിഭാഗം- 75,000 രൂപ എന്നി ക്രമത്തിലാണ് ധനസഹായം നൽകുന്നത്. ഐ.എ.വൈ. ഗുണഭോക്താക്കൾക്കും ഇതേ തോതിൽ ധനസഹായം നൽകുന്നതിന് പട്ടികവർഗ്ഗം- 86,500 രൂപ ,പട്ടികജാതി- 61,500 രൂപ, പൊതുവിഭാഗം- 36,500 രൂപ എന്നി ക്രമത്തിൽ ത്രിതല പഞ്ചായത്തുകൾ ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് വേണ്ടി മാറ്റിവെച്ചതും വായ്പയെടുത്തതുമായ ഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്യുന്നത്. |
| സി. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പണിയുന്ന ഓരോ വീടിനും സംസ്ഥാന ഗവൺമെന്റും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും എത്ര രൂപാ വീതമാണ് നൽകുന്നത് ; | സി. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി ചുവടെ നൽകിയിട്ടുള്ള പ്രകാരമാണ്. |

| | |
| --- | --- |
| പൊതുവിഭാഗം | - 75,000 രൂപ |
| പട്ടികജാതി | -1,00,000 രൂപ |
| പട്ടികവർഗ്ഗം | - 1,25,000 രൂപ |

| | |
|---|---|
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബങ്ങൾ | - 1,00,000/- |
| ആശ്രയ കുടുംബം | - 1,25,000/- |

ഈ പദ്ധതിയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ മിച്ചമുള്ള തുകയും വികസന ഫണ്ടിന്റെ 15 ശതമാനവും നീക്കിവെയ്ക്കേണ്ടതുണ്ട്. ബാക്കി തുകയ്ക്കായി 2009-10-ലെ വികസന ഫണ്ടിന്റെ ഒന്നര മടങ്ങിന് തുല്യമായ തുക സഹകരണബാങ്കുകളിൽ നിന്നും വായ്പയായി എടുക്കാവുന്നതാണ്. ടി വായ്പ 2010-11 മുതൽ 2019-20 വരെയുള്ള വികസന ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കാവുന്നതാണ്. ടി വായ്പയുടെ മുഴുവൻ പലിശയും സർക്കാരാണ് വഹിക്കുന്നത്.

| | | | |
|---|---|---|---|
| ഡി. | ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓരോ വീടിനും ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ നിന്നും എത്ര പണം വീതം ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | ഡി. | ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടിന് ഇന്ദിരാ ആവാസ് യോജനയിൽ നിന്നുള്ള പണം ഉപയോഗിക്കുന്നില്ല. മാത്രമല്ല ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്കുവേണ്ടി വരുന്ന അധിക വിഹിതം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ടിൽ നിന്നും നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.199 | 10-3-2010-ന് മറുപടിക്ക്

മാലിന്യമുക്തകേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) മാലിന്യമുക്തകേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരന്തരം വിലയിരുത്തി വരുന്നു. കാലാനുസൃതമായി മോണിറ്ററിംഗും, ഫീൽഡുതല പരിശോധനകളും, മീറ്റിംഗുകളും നടത്തുന്നുണ്ട്. കൂടാതെ സോഷ്യൽ ഓഡിറ്റിംഗും നടത്തിവരുന്നു. |
| ബി) പദ്ധതി പ്രകാരം നടപ്പു വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; | ബി) പദ്ധതി പ്രകാരം നടപ്പു വർഷം നടത്തിയ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.<br>1. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഭാഗമായി ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 46045 കക്കൂസുകൾ നൽകിയിട്ടുണ്ട്. സ്കൂൾ ടോയ്ലറ്റുകൾ 355 എണ്ണവും, അംഗൻവാടി ടോയ്ലറ്റുകൾ 1115 എണ്ണവും, 119 സാനിറ്ററി കോംപ്ലക്സും (പൊതു ശുചിത്വസമുച്ചയം) ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.<br>2. സ്ത്രീകൾക്ക് സൗകര്യ പ്രദമായ രീതിയിൽ 8 വനിത ശുചിത്വ കോംപ്ലക്സും വിശ്രമ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

................2/-

3. എല്ലാ മുനിസിപ്പാലിറ്റികളിലേയും, പെൺകുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ, ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റും കൂടാതെ ഒരു അംഗനവാടിയിൽ, ശിശുസൗഹൃദ ടോയ്‌ലറ്റും എല്ലാ കോർപ്പറേഷനു കളിലെയും പെൺകുട്ടികൾ പഠിക്കുന്ന നാല് സ്കൂളുകളിൽ, ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റും കൂടാതെ നാല് അംഗന വാടികളിൽ ശിശുസൗഹൃദ ടോയ്‌ലറ്റും നിർമ്മിക്കാനുള്ള നടപടികൾ പുരോഗ മിക്കുന്നു,

4. മഴക്കാലപൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ആഴ്ചയിലൊരു ദിവസം 'ഡ്രൈഡേ' ആചരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ശുചിത്വ കലാജാഥകളും റോഡ്ഷോകളും സംഘടിപ്പിക്കുകയും ചെയ്തു. വാർഡു തല ഗൃഹ സന്ദർശനത്തിലൂടെ വീടുകളിൽ ശുചിത്വ സന്ദേശങ്ങളടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയും ഡ്രൈഡേയുടെ പ്രാധാന്യം വിപുലമായി പ്രചരിപ്പിക്കുകയും ചെയ്തു.

5. പ്ലാസ്റ്റിക് ബോധവത്കരണപ്രവർത്തന ത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന വിപുലമായ ബോധവൽക്കരണ ക്യാമ്പയിൽ സംഘടിപ്പിച്ചു. സെമിനാറുകൾ, എക്സിബിഷൻ, ദൃശ്യ-ശ്രാവ്യ-അച്ചടി

.................3/-

മാധ്യമങ്ങൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടത്തി.

6. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ് - ശുചിത്വ പ്രവർത്തനമുൾപ്പെടെ സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ചെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലാദ്യമായി ഒരു സോഷ്യൽ റിയാലിറ്റി ഷോയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പും, സംസ്ഥാന ശുചിത്വ മിഷനും തിരുവനന്തപുരം ദൂരദർശനും, സി-ഡിറ്റുമായി ചേർന്ന് രൂപം കൊടുത്തു കഴിഞ്ഞു. തിരുവനന്തപുരം ദൂരദർശനിലൂടെ 2010 മാർച്ച് 1 മുതൽ സംപ്രേക്ഷണം ആരംഭിച്ചു.

7. മികച്ച ശുചിത്വനിലവാരം പുലർത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ഓഫീസുകൾക്കും, ആശുപത്രികൾക്കും, സ്കൂളുകൾക്കും, അംഗനവാടികൾക്കും അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

8. ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ പ്രോഗ്രാമിന്റെ ഭാഗമായി പെരിന്തൽമണ്ണ, ഒറ്റപ്പാലം നഗരസഭകൾക്കായി സമർപ്പിച്ച യഥാക്രമം 83.33 ലക്ഷം രൂപ, 86.68 ലക്ഷം രൂപ മൊത്തം അടങ്കലുള്ള പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ ഭവന നിർമ്മാണ-നഗര ദാരിദ്ര ലഘൂകരണ മന്ത്രാലയം അംഗീകരിക്കുകയും,

............4/-

ആദ്യഗഡുവായി 32 ലക്ഷം രൂപ ഈ രണ്ട് മുനിസിപ്പാലിറ്റികൾക്കുമായി അനുവദിക്കകയും ചെയ്തിട്ടുണ്ട്.

9. കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമ പുരസ്കാരത്തിന് കേരളത്തിലെ 43 ഗ്രാമപഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും 2 ജില്ലാ പഞ്ചായത്തുകളും അർഹരായിട്ടുണ്ട്.

സി) ആഫീസുകൾ, ആശുപത്രികൾ, ഹോട്ടൽ, ചന്തകൾ എന്നിവ മാലിന്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

സി) സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, ചന്തകൾ എന്നിവടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഭാഗമായി ആശുപത്രികൾ, ചന്തകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ഖരദ്രവമാലിന്യനിർമ്മാർജ്ജന പ്രോജക്ടുകൾക്കായിപദ്ധതിയുടെ 75% തുകയോ പരമാവധി 4 ലക്ഷം രൂപയോ ധനസഹായമായി നൽകുന്നു. ഹോട്ടലുകളും സ്വകാര്യ ആശുപത്രികളും സ്വന്തമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

ഡി) സിവറേജ് സംവിധാനം വിപുലീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഡി) സ്വിവറേജ് സംവിധാനം വിപുലീകരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ കെ.എസ്.യു.ഡി.പി., ജെ.എൻ.എൻ.യു.ആർ.എം പദ്ധതികളിലൂടെ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിച്ചു വരുന്നു. കൊല്ലം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ കെ.എസ്.യു.ഡി.പി. യുടെ ഭാഗമായി സ്വിവറേജ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെയും ടെന്ററിംഗിന്റെയും വിവിധ

.............5/-

ഘട്ടങ്ങളിലാണ്. ചാലക്കുടി നഗരസഭയിൽ സിവേജ് സംവിധാനം നിർമ്മിക്കുന്നതിനായി യു.ഐ.ഡി.എസ്.എസ്.എം.റ്റി. സ്കീമിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഇ) | പുതുതായി എത്ര ഖരമാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്നു വെളിപ്പെടുത്തുമോ? | 25 നഗരസഭകളിലും 44 ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണ പദ്ധതികൾ പ്രവർത്തനമാരംഭിച്ചു. 11 നഗരസഭകളിലും, 65 ഗ്രാമപഞ്ചായത്തകളിലും പദ്ധതി നിർവ്വഹണം നടന്നു വരുന്നു. ആകെ 58 നഗരസഭകളിലും 109 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200 | 10.03.2010 ലെ മറുപടിക്ക്

## ചരക്കു സേവന നികുതി നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ.പി.കൃഷ്ണ പ്രസാദ്<br>ശ്രീ.എം.എം.മോനായി<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) ചരക്കു സേവന നികുതി നിയമം നടപ്പിലാവുമ്പോൾ ഏതെല്ലാം സേവനങ്ങളാണ് സംസ്ഥാനങ്ങൾക്ക് വിട്ടുതരുന്നത് ; | (എ) സംസ്ഥാന ധനകാര്യ മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതാധികാര സമിതി ഈ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതെല്ലാം സേവനങ്ങളാണ് വിട്ടുതരുന്നത് എന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) അപ്രകാരം വിട്ടുതരുന്ന സേവനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിനു പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിക്കുന്ന സേവന നികുതി എത്രയാണ് ; | (ബി) & (സി) 'എ' പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |
| (സി) ചരക്കു സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് ചരക്കുകളുടെ വിലയിൽ എന്തു മാറ്റമാണ് പ്രതീക്ഷിക്കുന്നത് ; | |
| (ഡി) ചരക്കു സേവന നികുതി നിയമം നടപ്പിലാവുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) ഈ നികുതി സമ്പ്രദായം പ്രാവർത്തികമാവുമ്പോൾ സംസ്ഥാനത്തിന് എന്തെങ്കിലും നഷ്ടമുണ്ടാവുകയാണെങ്കിൽ ആ നഷ്ടം കേന്ദ്രസർക്കാർ നികത്തിത്തരണം എന്ന നിബന്ധനയുള്ള വിധേയമായാണ് ഈ നികുതി സമ്പ്രദായത്തിൽ ചേരുവാൻ സംസ്ഥാന സർക്കാർ സന്നദ്ധമായത്. കോമ്പൻസേഷൻ പാക്കേജ് സംബന്ധിച്ച കാര്യങ്ങളിൽ അന്തിമ തീരുമാനം ആയിട്ടില്ല. അതിനാൽ ഇതു സംബന്ധിച്ച വിശദീകരണം ഇപ്പോൾ നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ

PV

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.201 10-3-2010-ന് മറുപടിക്ക്

<u>ഇരട്ട നഗരം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ബാഴ്സലോണയും തിരുവനന്തപുരം നഗരസഭയും ചേർന്ന് ഇരട്ട നഗരം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ഇരട്ട നഗരം പദ്ധതിയുമായി ബന്ധപ്പെട്ട് ബാഴ്സലോണ കോർപ്പറേഷന്റെ പ്രൊപ്പോസലിന്മേൽ ഇരു നഗരസഭകളുടെയും പ്രതിനിധികൾ തമ്മിൽ പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച് ഒരു കരട് രേഖ ബാഴ്സലോണ നഗരസഭ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്. |
| ബി) പദ്ധതിയ്ക്കായി ബാഴ്സലോണ സിറ്റി കൗൺസിൽ തയ്യാറാക്കിയ കരട് കരാർ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കരാറിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | ബി) ഉണ്ട്. കരട് കരാർ അനുബന്ധമായി ചേർക്കുന്നു. |
| സി) പദ്ധതി നടപ്പാക്കുന്നതുമൂലം ഏതെല്ലാം മേഖലകളിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്? | സി) കരട് കരാറിൽ പറഞ്ഞിരിക്കുന്ന മേഖലകളിൽ ഉള്ള മികച്ച മാതൃകകൾ (ബെസ്റ്റ് പ്രാക്ടീസസ്) പഠിക്കുവാൻ അവസരം ലഭിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.202 10-03-2010- ൽ മറുപടിയ്ക്ക്

**തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.ആർ.ശെൽവരാജ് : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) തീരദേശ മേഖലയുടെ അടിസ്ഥാന സാമൂഹിക, സാമ്പത്തിക വികസനമുൾപ്പെടെ സമഗ്ര വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻവഴി സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2007-2008 വർഷത്തിൽ കാസർഗോഡ് ജില്ലയിൽ കുടിവെള്ള വിതരണം, തീരദേശറോഡുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ, ഫിഷറീസ് സ്കൂളുകളുടെ നവീകരണം, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ബയോഗ്യാസ് പ്ലാൻറ്, ഗൈഡ് ലൈറ്റുകൾ, ഫിഷ്മാർക്കറ്റുകൾ എന്നീ ഇനങ്ങളിലായി 27 പ്രോജക്ടുകൾ നടപ്പാക്കി വരുന്നു. ഇവയിൽ പല പദ്ധതികളും പൂർത്തീകരിച്ചുകഴിഞ്ഞു. പലതും അന്തിമ ഘട്ടത്തിലാണ്. 2008-2009 വർഷത്തിൽ സമഗ്രതീരദേശ വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. ഈ ആവശ്യത്തിന് 5 |

കോടി രൂപ അനുവദിച്ചു നൽകി. കുടിവെള്ള പദ്ധതികൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ, അംഗൻവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ബയോഗ്യാസ് പ്ളാൻറ് എന്നീ ഇനങ്ങളിലായി 27 പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഓരോ പദ്ധതിയും ധൃതഗതിയിൽ നടന്നുവരുന്നു. നടപ്പുവർഷം (2009-10) സമഗ്ര തീരദേശ വികസന പദ്ധതി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്നതിനു സർക്കാർ അനുമതി നൽകുകയും വിവിധ ഇനങ്ങളിലായി 44 പദ്ധതികൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

തീരദേശ വികസന ഏജൻസി വഴി നടപ്പാക്കി വരുന്ന എല്ലാ പദ്ധതികൾക്കും കോർപ്പറേഷൻ ഏറ്റെടുത്തു നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ, റോഡുകൾ എന്നിവയുടെ നിർമ്മാണത്തിനായി 414 കോടി രൂപയുടെ പ്രവർത്തികൾക്കുള്ള ഭരണാനുവാദം കഴിഞ്ഞ മൂന്നുവർഷത്തിനകം നൽകി കഴിഞ്ഞു. ഇതിൽ വലിയൊരളവോളം പദ്ധതികൾ പൂർത്തിയാകുകയും, ബാക്കിയുള്ളവയുടെ പ്രവർത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 1363 കോടി രൂപയുടെ പ്രവർത്തികൾ

| | |
|---|---|
| | ക്കുള്ള ഭരണാനുവാദവും നൽകി കഴിഞ്ഞു. ഇതിൽ ഭൂരിഭാഗം പദ്ധതിയും പൂർത്തീകരിച്ചുക ഴിഞ്ഞു. |
| (ബി) തീരദേശ വികസന കോർപ്പറേ ഷൻെറ പ്രവർത്തനം ആരംഭിച്ചിട്ടു ണ്ടോ ; കോർപ്പറേഷൻെറ ഓഹരി മൂലധനമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (ബി) തീരദേശ വികസന കോർപ്പറേഷൻെറ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കോർപ്പറേ ഷൻെറ ഓഹരി മൂലധനമായി 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ഫിഷിംഗ് ഹാർബറു കളുടെ നിർമ്മാണം കോർപ്പറേഷൻ ഏറ്റെടുക്കുമെന്ന് അറിയിക്കുമോ ; | (സി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടില്ല. |
| (ഡി) സമഗ്രതീരദേശ വികസന പരി പാടി, കോർപ്പറേഷൻ വഴി നടപ്പാ ക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) സമഗ്രതീരദേശ വികസന പരിപാടി ഉൾ പ്പെടെ തീരദേശ വികസന ഏജൻസി വഴി നട പ്പാക്കിവന്ന പദ്ധതികൾ എല്ലാംതന്നെ കോർപ്പ റേഷൻ വഴി ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 203.

10.03.2010-ൽ മറുപടിക്ക്.

## ചെക്ക്പോസ്റ്റുകളുടെ നവീകരണം

**ചോദ്യം**

പ്രൊഫ. എൻ ജയരാജ്,
ശ്രീ. തോമസ് ഉണ്ണിയാടൻ.

**ഉത്തരം**

ശ്രീ. ഡോ. റ്റി. എം. തോമസ് ഐസക്ക്.
(ബഹു. ധനകാര്യ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | എ) | വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ഒട്ടേറെ പരിഷ്ക്കാര പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി നൽകി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി, ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഗതാഗത സൗകര്യം ഭക്ഷണം എന്നിവയും, ബംഗ്ര മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയും ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനായി 49.78 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു. വാളയാറിൽ ഹൈമാസ്റ്റ് ഫ്ളഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ഇതു കൂടാതെ വാളയാറിൽ മലബാർ സിമന്റ്സിൽ നിന്നും വൈദ്യുതി ലൈൻ വലിക്കുന്നതിനുവേണ്ടി 15 ലക്ഷം രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. വാളയാറിലെ റോഡ് മരാമത്ത് പണികൾക്ക് വേണ്ടി 26.5 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ജോലി പൂർത്തിയാക്കുകയും ചെയ്തു. ചെക്ക്പോസ്റ്റിൽ വൈദ്യുതി തടസ്സം ഉണ്ടാകാതിരിക്കുവാൻ വേണ്ടി ജനറേറ്റർ സ്ഥാപിക്കുകയും, ബന്ധപ്പെട്ട വൈദ്യുതീകരണം നടത്തുകയും ചെയ്തു. ജലവിതരണം ഉറപ്പാക്കുന്നതിന് വേണ്ടി കുഴൽക്കിണർ നിർമ്മിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ ഹെൽപ് ഡെസ്ക്, ട്രഷറി, പോലീസുകാർക്ക് വേണ്ടി കണ്ടെയിനർ എന്നിവ സ്ഥാപിച്ചു.<br>വാളയാർ ഔട്ട്-ഇൻ ചെക്ക്പോസ്റ്റുകളിൽ ടോക്കൺ സ്വീകരിക്കുന്നതിന് വേണ്ടി 2 എണ്ണം, വാളയാർ ഔട്ട് ചെക്ക്പോസ്റ്റിൽ ഗ്രീൻ ചാനൽ സംവിധാനത്തിന് വേണ്ടി 1 എണ്ണം എന്നിങ്ങനെ കണ്ടെയിനർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു.<br><br>ആർ.ടി.ഒ. ചെക്ക്പോസ്റ്റിന് വേണ്ടി 9,60,000/- രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി. വാളയാറിൽ ട്രഷറി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 231 ലക്ഷം രൂപ ചെലവിട്ട് പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിലേക്കുള്ള റോഡുകൾ അറ്റകുറ്റ പണികൾ നടത്തി. |

| | | | |
|---|---|---|---|
| | | | ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി 6.27 ലക്ഷം രൂപ ചെലവിൽ ഹൈമാസ്റ്റ് ഫ്ളഡ്ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ ട്രഷറി സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. ഗ്രീൻ ചാനൽ സംവിധാനം ആരംഭിച്ചു. ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിൻ സ്ഥാപിച്ചു. ചെക്ക്പോസ്റ്റിന് സമീപമായി 89 ലക്ഷം രൂപ ചെലവിൽ പാർക്കിംഗ് ബേയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ചെക്ക്പോസ്റ്റ് യാർഡ് നവീകരിച്ചു. കൗണ്ടറുകൾ നവീകരിച്ചു. ഓൺലൈൻ ഡാറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തി.<br><br>വാളയാർ, നടുപ്പുണി, ഗോപാലപുരം എന്നീ ചെക്ക്പോസ്റ്റുകളിൽ ട്രഷറി സ്ഥാപിച്ചു. ഗോപാലപുരത്തെ നവീകരണപ്രവർത്തനവും, ഗോവിന്ദപുരത്തെ യാർഡ് കോൺക്രീറ്റിങ്ങ് പ്രവർത്തനങ്ങളും പൂർത്തിയായി.<br><br>പാലക്കാട് ജില്ലയിലെ താത്കാലിക ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാളറ, ചെമ്മണാംപതി, കണ്ണിമാരി, അത്തിക്കോട് എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു കഴിഞ്ഞു. അമരവിളയിൽ വെരിഫിക്കേഷൻ കൗണ്ടർ നിർമ്മിച്ചു.<br><br>അതിർത്തി പ്രദേശങ്ങളിലെ സുപ്രധാന ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് അനുമതി നൽകി. അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, ബംഗ്രമഞ്ചേശ്വരം, കുട്ടുപ്പുഴ, മീനാക്ഷിപുരം, നടുപ്പുണി, കുമിളി എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | നടുപ്പുണി, ഗോപാലപുരം, മീനാക്ഷിപുരം എന്നിവിടങ്ങളിലെ വെയ്ബ്രിഡ്ജുകൾക്ക് സമീപം സോഡിയം ലാമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകി. വാളയാർ ചെക്ക്പോസ്റ്റിൽ ചെക്കിംഗ് പ്ലാറ്റ്ഫോമിന് മേൽക്കൂര നിർമ്മിക്കുന്നതിന് 10.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br><br>സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഇൻകെലുമായി ചേർന്ന് ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്.<br><br>അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് 4 പ്രധാന ചെക്ക്പോസ്റ്റുകളിൽ 5.81 ലക്ഷം രൂപ ചെലവിൽ ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിൻ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകി. അമരവിളയിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഭക്ഷണവും താമസ സൗകര്യവും നൽകി നിയമിച്ചു. അമരവിള, ഉച്ചക്കട, പാട്ടക്കുളം, കാഞ്ചാംപഴിഞ്ഞി എന്നീ ചെക്ക്പോസ്റ്റുകളിൽ അഡീഷണൽ ബാരിക്കേഡുകൾ സ്ഥാപിക്കുവാനും അനുമതി നൽകിയിട്ടുണ്ട്.<br><br>അമരവിള ചെക്ക്പോസ്റ്റ് യാർഡ് നവീകരണത്തിനായി 100 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.47 ൽ കി.മീ. 5[illegible]/000നു സമീപം അമരവിള ഔട്ട് ചെക്ക്പോസ്റ്റ് നിർമ്മാണത്തിനായി 12[illegible] ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. 9.29 ലക്ഷം രൂപ ചെലവിൽ അമരവിള ഔട്ട് ചെക്ക്പോസ്റ്റിൽ കണ്ടെയ്നറൈസ്ഡ് ഓഫീസ് മോഡ്യൂളുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി | പരിഷ്ക്കരണം ആരംഭിച്ചശേഷം ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | ബി | പരിഷ്ക്കരണം ആരംഭിച്ചശേഷം ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനം 2008–09 ൽ 36.89 കോടി രൂപ കണ്ട് വർദ്ധിച്ചു. |
| സി | ചെക്ക് പോസ്റ്റുകൾ ഒഴിവാക്കിയുള്ള അനധികൃത സമാന്തര സംവിധാനം ഇപ്പോഴും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി | നിലവിൽ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി | എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | ഡി | അനധികൃത സമാന്തര സംവിധാനങ്ങൾ ഒന്നൊന്നായി പ്രത്യേകം ബാരിക്കേഡുകളും, ക്രോസ് ബാരിക്കേഡുകളും സ്ഥാപിച്ചും പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ പ്രത്യേകം പോലീസ് സംവിധാനം ഏർപ്പെടുത്തിയും ഫലപ്രദമായി തടഞ്ഞിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ഒഴിവാക്കിയുള്ള അനധികൃത ചരക്കുനീക്കം തടയുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 204 — 10-03-2010 ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>,, കെ. കുഞ്ഞിരാമൻ<br>,, സി.കെ. പി. പത്മനാഭൻ<br>,, കെ.സി. രാജഗോപാലൻ<br>,, എസ്. രാജേന്ദ്രൻ | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സബ് രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) 1958 ലെ രജിസ്ട്രേഷൻ ചട്ടങ്ങളിലും 1959 ലെ കേരള മുദ്രപത്ര നിയമത്തിലും ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കിയും ഡിജിറ്റൽ ഇമേജ് പ്രിന്റർസ്ഥാപിച്ചും വകുപ്പിൽനിന്നും നൽകുന്ന സേവനങ്ങൾ വേഗത്തിലാക്കിയുട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ഉറപ്പുവരുത്താനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) സബ് രജിസ്ട്രാർ ആഫീസുകളുടെ കെട്ടിടം നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള എല്ലാ സബ് രജിസ്ട്രാറാഫീസുകളുടെയും കെട്ടിട നിർമ്മാണത്തിനായി നടപടിസ്വീകരിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതും സുരക്ഷിതമല്ലാത്തതുമായ എത്ര സബ് രജിസ്ട്രാർ ആഫീസുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) സൗകര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും തീർത്തും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ സബ് രജിസ്ട്രാറാഫീസുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) ഈ വർഷം എത്ര ആഫീസുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; | (ഡി) ഓയൂർ, വെള്ളമുണ്ട, കുറ്റ്യാടി, വെള്ളനാട്, ബളാൽ എന്നിങ്ങനെ അഞ്ച് സബ് രജിസ്ട്രാറാഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം 2009 വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിന് ശേഷം 12 രജിസ്ട്രേഷൻ ഓഫീസുകളുടെ കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 13 ഓഫീസുകളുടെ കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ഇ) രജിസ്ട്രേഷൻ വകുപ്പിന്റെ പരാതി പരിഹാര അദാലത്ത് എല്ലാ ജില്ലകളിലും നടത്തുന്നുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) ഏതെല്ലാം ഉദ്യോഗസ്ഥരാണ് അദാലത്തിൽ പങ്കെടുക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | (എഫ്) മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ, ജില്ലാ രജിസ്ട്രാർമാർ, ചിട്ടി ഇൻസ്പെക്ടർ, ചിട്ടി ഓഡിറ്റർ, സബ് രജിസ്ട്രാർമാർ എന്നിവരാണ് അദാലത്തിൽ പങ്കെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.205 10-3-2010-ന് മറുപടിക്ക്

**ഊർജ്ജ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി, (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ഊർജ്ജ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ; | എ) താഴെപ്പറയുന്ന മേഖലകളിൽ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചിട്ടുണ്ട്.<br><br>1) ചെറുകിട ജലവൈദ്യുത പരിപാടി:<br>സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പരിപാടിക്കുള്ള സമഗ്രമായ മാസ്റ്റർ പ്ലാൻ രൂപികരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. 13 ജില്ലകളിലായി 901 സൈറ്റുകളിൽ പ്രാഥമിക പര്യവേക്ഷണം നടത്തിക്കഴിഞ്ഞു. ഇതോടൊപ്പം തന്നെ RIDF -ന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ 42 സൈറ്റുകളിൽ നീരൊഴുക്ക് പഠനം നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലാൻഡ്യൂസ് ബോർഡ്, CWRDM എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഇത് നിർവ്വഹിച്ചിട്ടുള്ളത്. ഒരു വിദഗ്ധ ടീമിന്റെ മേൽനോട്ടത്തിൽ 14 സൈറ്റുകൾ ഒരു ക്ലസ്റ്റർ പ്രോജക്ടായി നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുക്കുകയും ഇവയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

...............2/-

2) പവർലൈൻ മാപ്പിംഗ്:-

പവർലൈൻ മാപ്പിംഗിന്റെ ഭാഗമായി 301 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കഡസ്റ്റർ മാപ്പുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ജില്ലാതല പരിശീലനങ്ങളുടെ ഭാഗമായി 355 മാസ്റ്റർ ട്രെയിനർമാരെ ഇതിനകം സജ്ജരാക്കിയിട്ടുണ്ട്. 3 ലൊക്കേഷനുകളിൽ പൂർണ്ണമായും, 61 ലൊക്കേഷനുകൾ ഭാഗികമായും ഗുണനിലവാര പരിശോധന പൂർത്തിയായിക്കഴിഞ്ഞു.

3)ഒരു ദശലക്ഷം സി.എഫ്.എൽ ക്യാമ്പയിൻ:-

തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കപ്പെട്ട ഊർജ്ജ സംരക്ഷണ പരിപാടികളിൽ വ്യത്യസ്ഥമായ പരിപാടിയായിരുന്നു ഒരു ദശലക്ഷം സി.എഫ്.എൽ. ക്യാമ്പയിൻ. ഇതിന്റെ ഭാഗമായി 7.93 ലക്ഷം ഗുണഭോക്താക്കളുടെ ലിസ്റ്റ് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പരിശോധനക്ക് വിധേയമായി തയ്യാറാക്കുകയുണ്ടായി. പ്രാദേശിക വോളണ്ടിയർമാരുടെ സഹായത്തോടെ ഇൻകാൻഡസന്റ് വിളക്കുകൾക്ക് പകരമായി 7,93,187 സി.എഫ്.എൽ. സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കെ.എസ്.ഇ.ബി. എത്തിച്ചു കൊടുത്തിട്ടുണ്ട്. ഈ പ്രവർത്തനം ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

4) എനർജി മാർട്ടുകൾ:-

പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ബ്ലോക്ക് മുനിസിപ്പാലിറ്റി-കോർപ്പറേഷൻ തലത്തിൽ എത്തിക്കുന്നതിന് അനെർട്ട്

............3/-

:3:

രൂപകൽപ്പന ചെയ്ത സംവിധാനമാണ് എനർജിമാർട്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ അനെർട്ട് നൽകുന്നതാണ്.

5) ഊർജ്ജ സർവ്വേ:-

സർവ്വേക്ക് ആവശ്യമായ ഷെഡ്യൂളുകൾ തയ്യാറാക്കി ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള ആപ്ലിക്കേഷൻ പൂർത്തിയാക്കി പൈലറ്റ് സർവ്വേ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. പരിശീലനത്തിനും ഗുണനിലവാര നിയന്ത്രണത്തിനുമുള്ള ഏജൻസികളെ നിശ്ചയിച്ചു. നാഷണൽ സർവ്വീസ് സ്കീമിന്റെ സഹായത്തോടെ ക്യാമ്പുകൾ വഴി 24 പഞ്ചായത്തുകളിൽ സർവ്വേ പ്രവർത്തനം പൂർത്തിയാക്കി. ബാക്കിയുള്ള മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വോളണ്ടിയർമാരെ നിശ്ചയിച്ചു. സർവ്വേ ഉടനെ ആരംഭിക്കുന്നതാണ്.

6) പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ വിതരണം:-

ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. 236 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്. വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

7) ജില്ലാ പഞ്ചായത്തുകളുമായി ചേർന്നുള്ള വികേന്ദ്രീകൃത ഊർജ്ജ ഉല്പാദനത്തിനും വിനിയോഗതല മാനേജ്മെന്റിനുമുള്ള പ്രോജക്ട്:-

ഇതിൽ ബയോമാസ് മാപ്പിംഗ്, ദക്ഷതയേറിയ കമ്മ്യൂണിറ്റി അടുപ്പുകൾ, സൗര ഹോംലൈറ്റിംഗ് സിസ്റ്റംസ്, അഞ്ച് സ്റ്റീം

കുക്കറുകളും ഒരു ഷഫ്ളർ കുക്കറും, ബയോമാസ് അടിസ്ഥാനമാക്കിയ 20 മെഗാവാട്ട് വൈദ്യുതി ഉൽപാദന പ്ലാന്റുകൾ, രണ്ട് ബയോമാസ് ശ്മശാനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

ബയോമാസ് മാപ്പിംഗിനായി സ്വാമിനാഥൻ ഫൗണ്ടേഷനുമായി ചേർന്ന് പ്രാഥമിക മെത്തഡോളജി വർക്ക്ഷോപ്പ് നടത്തി കമ്മ്യൂണിറ്റി അടുപ്പുകളുടെ നിർമ്മാണത്തിനായി 2400 സൈറ്റുകളുടെ വിശദമായ പഠനം നടത്തി. 15 ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, 87 കുടുംബശ്രീ വോളണ്ടിയർമാർക്കും അടുപ്പ് നിർമ്മാണത്തിന് വിദഗ്ദ്ധ പരിശീലനം നൽകി. സാധാനസാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സൗര ഹോം ലൈറ്റിംഗ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കളെ പ്രത്യേക സർവ്വേ നടത്തി നിശ്ചയിച്ചു. ഉപകരണങ്ങളുടെ വിശദമായ പരിശോധന പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കി വരുന്നു.

മറ്റ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞു. ടെണ്ടർ നടപടികൾ പൂർത്തിയായി വരികയാണ്.

.............5/-

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ നൽകിയിട്ടുണ്ട്; | ബി) | പ്രസ്തുത പദ്ധതികൾക്കായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ 33,76,40,125 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഏതെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) | ഉണ്ട്. 2009 മെയ് മാസത്തിൽ ലോകസഭയിലേക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിൽ വരികയും, ഇത് പ്രവർത്തനങ്ങൾക്ക് കാലതാമസം വരുത്തുകയും ചെയ്തു. നടത്തിപ്പ് സംവിധാനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിലും, വർക്കിംഗ് അറേൻജ് മെന്റിലും ലഭിക്കുന്നതിനും കാലതാമസം നേരിട്ടു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ - 206 10.03.2010 -ൽ മറുപടിയ്ക്ക്

വനിതാ ഹെൽപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീമതി. കെ.കെ. ശൈലജടീച്ചർ:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീമതി. കെ. കെ. ലതിക: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | വനിതാ ഹെൽപ്പ് ലൈൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | വനിതാ ഹെൽപ്പ് ലൈൻ മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; | ബി | സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനങ്ങൾ, പൂവാല ശല്യങ്ങൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾക്കെതിരെയുള്ള അതിക്രമങ്ങൾ, രാത്രിയിൽ യാത്രാമദ്ധ്യേ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുക. തുടങ്ങിയ സേവനങ്ങൾ അടിയന്തിരമായി വനിതാ ഹെൽപ്പ് ലൈൻ മുഖേന ലഭ്യമാക്കുന്നുണ്ട്. കൂടാതെ വഴി തെറ്റി വരുന്ന സ്ത്രീകളേയും കുട്ടികളേയും, അലഞ്ഞ് നടക്കുന്ന സ്ത്രീകളേയും ഹെൽപ്പ് ലൈനിൽ സൂക്ഷിക്കുകയും അവരെ രക്ഷിതാക്കളെ ഏൽപ്പിക്കുകയും ചെയ്യു വരുന്നു. ബന്ധുക്കളാരും ഇല്ലാത്തവരെ സർക്കാർ സ്ഥാപനങ്ങളിലോ, അനാഥ മന്ദിരങ്ങളിലോ, സർക്കാരിതര സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലോ ഏൽപ്പിക്കാറുണ്ട്. അസമയത്ത് ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് ആവശ്യമായ സഹായവും, കുടുംബ പ്രശ്നങ്ങളിൽ കൗൺസലിംഗും നൽകി വരുന്നു. |

| | | | |
|---|---|---|---|
| സി | ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | സി | വനിതാ ഹെൽപ്പ് ലൈൻ 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ഡി | ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന പരാതികളുടെ പൊതു സ്വഭാവം വ്യക്തമാക്കുമോ; | ഡി | സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനങ്ങൾ, പൂവാല ശല്യങ്ങൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾക്കെതിരെയുള്ള അതിക്രമങ്ങൾ, രാത്രിയിൽ യാത്രാമദ്ധ്യേ ഉണ്ടാകുന്ന അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച പരാതികളാണ് ലഭിക്കുന്നത്. |
| ഇ | ഹെൽപ്പ് ലൈനിൽ പ്രത്യേക പരിശീലനം സിദ്ധിച്ച വനിതാ പോലീസിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | ഇ | ഹെൽപ്പ് ലൈനിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. |
| എഫ്. | വനിതാ ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രചാരണം നടത്താൻ നടപടി സ്വീകരിക്കുമോ? | എഫ് | സ്കൂൾ കോളേജ് പരിസരങ്ങളിൽ നോട്ടീസ് ബോർഡുകളും, പരാതിപ്പെട്ടികളും സ്ഥാപിച്ചും, ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ കൊടുത്തും, ലഘു ലേഖകൾ പ്രസിദ്ധീകരിച്ചും, അദാലത്തുകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ, ശില്പ ശാലകൾ എന്നിവ നടത്തിയും ഹെൽപ്പ് ലൈനിനെ കുറിച്ച് പ്രചാരണം നടത്തുന്നുണ്ട്. ബസ് സ്റ്റാന്റുകൾ, റയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഫോൺ നമ്പരും ടോൾഫ്രീ നമ്പർ '1091' രേഖപ്പെടുത്തിയ 'വനിതാ സെൽ കം ഹെൽപ്പ് ലൈൻ' ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 207

10.03.2010-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് രണ്ട് രൂപാ നിരക്കിൽ അരി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. സുരേന്ദ്രൻപിള്ള | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും രണ്ടു രൂപാ നിരക്കിൽ അരി നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ മാസത്തിൽ എത്ര കിലോ അരിയാണ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നത്; | ബി) പത്ത് കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പുമാണ് നൽകുന്നത്. |
| സി) അനുബന്ധ മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>ഡി) വിശദവിവരം വെളിപ്പെടുത്തുമോ? | സി) യും (ഡി) യും<br>ഉണ്ട്. 15-2-2010-ലെ സർക്കാർ ഉത്തരവ് (കൈ) നം. 02/10/ഭ.സി.സ.വ. പ്രകാരം ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത അനുബന്ധ മത്സ്യത്തൊഴിലാളികളെയും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Priya Kumari
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 208 — 10-03-2010-ലെ മറുപടിയ്ക്ക്

# നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ.എ. പ്രദീപ് കുമാർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) നഗരാസൂത്രണ പദ്ധതികളിലെ മേഖലാ നിശ്ചയങ്ങളിൽ വ്യക്തിഗത ഇളവ് അനുവദിക്കുന്നത് കോടതി വിധി മൂലം തടസ്സപ്പെട്ട സാഹചര്യത്തിൽ സാധാരണക്കാർക്ക് വീടുകളും കടകളും നിർമ്മിക്കുന്നതിന് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) നഗരാസൂത്രണ പദ്ധതികളിലെ മേഖലാ നിയന്ത്രണങ്ങളിൽ നിന്ന് വ്യക്തിഗത ഇളവ് അനുവദിക്കുന്നത് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് നഗരാസൂത്രണ പദ്ധതികളുടെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും (സ്കീം മാപ്പുൾപ്പെടെ) സർക്കാർ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 21 നഗരങ്ങളിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. 32 നഗരങ്ങൾക്ക് മാസ്റ്റർ/ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (ബി) കാലാഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ; | (ബി) കാലഹരണപ്പെട്ട നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിന് സർക്കാർ 2009-10 വർഷം 2.5 കോടി രൂപ നഗരാസൂത്രണ വകുപ്പിന് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 32 നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) ചില നഗരസഭകളുടെ മാസ്റ്റർ പ്ലാൻ കോടതി റദ്ദാക്കിയതിനെത്തുടർന്ന് ഇപ്പോൾ യാതൊരു നിയന്ത്രണവും പാലിക്കാതെ കെട്ടിട നിർമ്മാണാനുമതികൾ നൽകിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണമേഖലയിലുണ്ടാകുന്ന അരാജകാവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ ഒന്നും കോടതി റദ്ദാക്കിയിട്ടില്ല. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 209– 10.03.2010 ൽ മറുപടിക്ക്

### ട്രഷറികളിൽ എ.റ്റി.എം സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു: ശ്രീ. തോമസ് ഉണ്ണിയാടൻ<br>ബഹു: പ്രൊഫ. എൻ. ജയരാജ് | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ) | ട്രഷറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി എ.റ്റി.എം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഉദ്ദേശിക്കുന്നുണ്ട് |
| ബി) | എങ്കിൽ എത്ര ട്രഷറികളിലാണ് ആദ്യ ഘട്ടത്തിൽ നവീകരണം നടപ്പിൽ വരുത്തുന്നത്. | എല്ലാ ട്രഷറികളും നവീകരിയ്ക്കാൻ ഉദ്ദേശിക്കുന്നു. |
| സി) | വിശദാംശങ്ങൾ വ്യക്തമാക്കുമോ? | നവീകരണം രണ്ട് തലത്തിലാണ് നടത്തുന്നത്. (1) നിലവിലുള്ള ട്രഷറി കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, (2)സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ട്രഷറി ഡിപ്പാർട്ടുമെന്റിന് കൈമാറുന്ന മുറയ്ക്ക് പുതിയ കെട്ടിടം പണി കഴിപ്പിക്കുക. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

10.03.2010 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 210

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു<br>എൻ.അനിരുദ്ധൻ<br>പള്ളിപ്രം ബാലൻ<br>മാങ്കോട് രാധാകൃഷ്ണൻ<br>എ.കെ.ചന്ദ്രൻ | ശ്രീ.എസ്.ശർമ്മ<br>ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) ആധാരത്തിൽ ഭൂവില കുറച്ചു കാട്ടിയതിന് നിയമ നടപടികൾ ഒഴിവാക്കാൻ നടപ്പാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര വരുമാനമുണ്ടായി; | (എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 25.02.2010 വരെ 48,75,97,004/- രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം എത്രപേർ നടപടികളിൽ നിന്നും ഒഴിവായി; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 4,35,687 പേർ നടപടികളിൽ നിന്നും ഒഴിവായിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള വിശദമായ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ആധാരത്തിൽ വില കുറച്ചു രജിസ്റ്റർ ചെയ്ത എത്ര കേസുകൾ ഇനി നിലവിലുണ്ട്; ഇവർക്ക് ഈ ആനുകൂല്യം നല്കാനുദ്ദേശിക്കുന്നുണ്ടോ; | (സി) ആധാരത്തിൽ വില കുറച്ച് കാണിച്ചതിന് നടപടി നേരിടുന്ന 13,72,888 കേസ്സുകളാണ് ഇനി നിലവിലുള്ളത്. അവർക്കു കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നല്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ പ്രദേശങ്ങളിൽ പിഴ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ഡി) ബന്ധപ്പെട്ട കരണത്തിലെ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂ വിസ്തൃതിയാണ് ടി പദ്ധതിയിൽ പിഴ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം. |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സർക്കാർ നടപടികളിൽ നിന്നും ഒഴിവായതു സംബന്ധിച്ച കണക്കുകൾ**

| ജില്ല | 31.03.2009 വരെ കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസ്സുകളുടെ എണ്ണം | പദ്ധതി പ്രകാരം ഒഴിവായ കേസ്സുകളുടെ എണ്ണം (പഞ്ചായത്ത് മേഖലയിൽ 5 സെന്റിൽ താഴെയുള്ളവ) | പണമടച്ച് തീർപ്പാക്കിയവ | നടപടി ഒഴിവായ ആകെ കേസ്സുകൾ |
|---|---|---|---|---|
| തിരുവനന്തപുരം | 279959 | 100131 | 19234 | 119365 |
| കൊല്ലം | 60880 | 9755 | 11183 | 20938 |
| പത്തനംതിട്ട | 57574 | 2977 | 12886 | 15863 |
| ആലപ്പുഴ | 137000 | 18283 | 16803 | 35086 |
| കോട്ടയം | 89029 | 9025 | 13141 | 22166 |
| ഇടുക്കി | 54612 | 4980 | 6482 | 11462 |
| എറണാകുളം | 196172 | 31504 | 28665 | 60169 |
| തൃശൂർ | 135324 | 10998 | 18634 | 29632 |
| പാലക്കാട് | 131062 | 10875 | 14786 | 25661 |
| മലപ്പുറം | 209080 | 5638 | 19840 | 25478 |
| കോഴിക്കോട് | 184456 | 12100 | 16462 | 28562 |
| വയനാട് | 64600 | 4600 | 3840 | 8440 |
| കണ്ണൂർ | 179929 | 6354 | 18693 | 25047 |
| കാസർഗോഡ് | 28898 | 1244 | 6574 | 7818 |
| **ആകെ** | **1808575** | **228464** | **207223** | **435687** |

സെക്ഷൻ ഓഫീസർ